# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെല്ലാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി3-148/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി3-148/23 തീയ്യതി: 12/04/2023

## എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 03-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-01-2023 | 03-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.വിജയകുമാർ. ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.ജോസഫ് ജോർജ്, സിനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജു.എം.എസ്, സിനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി മേ ഴ്സി.കെ.പി.സിനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.ഡി.പ്രസാദ് | പ്രസിഡന്റ് | 01-04-2021 | 20-10-2021 |
| ശ്രീ.കെ.എൽ ജോസഫ് | പ്രസിഡന്റ് | 21-10-2021 | 31-03-2022 |
| ശ്രീ.ജോസ് കിറ്റെൻ | സെക്രട്ടറി | 01-04-2021 | 15-04-2021 |

| | | | |
|---|---|---|---|
| ശ്രീ.ഷാജി.എ.വി | സെക്രട്ടറി | 16-04-2021 | 20-11-2021 |
| ശ്രീ.ജോസ് കിറ്റെൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2021 | 02-12-2021 |
| ശ്രീ.ഷാജു.പി.ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-12-2021 | 22-12-2021 |
| ശ്രീ.ജെ.മധുസൂദനൻ | സെക്രട്ടറി | 23-12-2021 | 05-02-2022 |
| ശ്രീമതി.ജയശ്രീ. നായ്ക്ക് | സെക്രട്ടറി | 06-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഇന്ദുശ്രീ.ഐ.ബി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീലക്ഷ്മി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹരിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മഞ്ജു.വി | മെഡിക്കൽ ഓഫീസർ.ആയ്യുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.സാംസൺ.എസ് | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി .രാജേശ്വരി | വി.ഇ.ഒ (കണ്ണമാലി) | 01-04-2021 | 31-03-2022 |
| ശ്രീമതി.മരിയ റോസി ഫിബി.സി.പി | വി.ഇ.ഒ (കാട്ടിപ്പറമ്പ്) | 01-04-2021 | 31-03-2022 |
| ശ്രീമതി.ലാലി.പി.ജിയോ | വി.ഇ.ഒ (ചെല്ലാനം) | 01-04-2021 | 31-03-2022 |
| ശ്രീമതി.നീതു.കെ.വിദ്യൻ | വി.ഇ.ഒ (കണ്ടക്കടവ്) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ.സി.ബി | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി,കണ്ടക്കടവ് | 01-04-2021 | 27-04-2021 |
| ഡോ.ഷൈന.എസ്.തെരുവോരത്ത് | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി,കണ്ടക്കടവ് | 28-04-2021 | 31-10-2021 |
| ഡോ.ഹരിപ്രസാദ് | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി,കണ്ടക്കടവ് | 01-11-2021 | 18-12-2021 |
| ഡോ.ഷൈന.എസ്.തെരുവോരത്ത് | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി,കണ്ടക്കടവ് | 19-12-2021 | 31-03-2022 |
| ശ്രീമതി.ജിനി.പി.വർഗ്ഗീസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രമ്യ.ജി.കൃഷ്ണൻ | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി,ചെല്ലാനം | 01-04-2021 | 14-04-2021 |
| ഡോ.ലിസിയ മേരി | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി,ചെല്ലാനം | 15-04-2021 | 31-03-2022 |
| ശ്രീമതി.ആഷാ ബെറ്റ്സി.എം.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 28-06-2021 |
| ശ്രീമതി.സംഗീത.വി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 29-06-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ഷിജ.കെ.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രശ്മിമോൾ.പി.എസ് | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം ) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി നിർണ്ണയം - അപാകതകൾ | 1-11 |
| 13 | വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കേണ്ടതാണ്. | 1-12 |
| 14 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി. | 1-13 |
| 15 | ലേലം കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-14 |
| 16 | കെട്ടിട ഉടമസ്ഥാവാശം മാറ്റൽ (Ownership Change) -അനധികൃതമായി രേഖകൾ തിരുത്തി | 1-15 |
| 17 | ആംബുലൻസ് സർവീസ് - അപാകതകൾ | 1-16 |
| 18 | സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം മുൻവർഷങ്ങളിലെ അപാകതകൾ തുടരുന്നു. | 1-17 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ അപാകതകൾ | 1-18 |
| 20 | സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല. | 1-19 |
| 21 | ഗുണഭോക്തൃവിഹിതം തിരികെ നല്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-20 |
| 22 | വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല. | 1-21 |
| 23 | നിയമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കി | 1-22 |
| 24 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 25 | പെണ്ണാട് വിതരണം അധിക തുക അനുവദിച്ചു. | 1-24 |
| 26 | അധിക തുക നല്കി താറാവിൻ കുഞ്ഞുങ്ങളെ വാങ്ങി. | 1-25 |
| 27 | മെഡിക്കൽ ഓഫീസർ ഹോമിയോ, പ്രോജക്ട് നിർവഹണത്തിലെ അപാകത | 1-26 |
| 28 | ഗ്രാമപഞ്ചായത്ത് വാഹനം-വിവരം ലഭ്യമാക്കിയില്ല. | 1-27 |
| 29 | സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-28 |
| 30 | കണ്ടക്കടവ് പി.എച്ച്.സി ഷിഫ്റ്റിംഗ് - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല | 1-29 |

| | | |
|---|---|---|
| 31 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ചെലവ് നടത്തി. | 1-30 |
| 32 | സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് കംപ്യൂട്ടർ & ഫർണ്ണീച്ചർ -വാങ്ങൽ നടപടികൾ സർക്കാർ മാർഗ്ഗരേഖപ്രകാരമല്ല | 1-31 |
| 33 | കടൽക്ഷോഭം തടയുന്നതിന് മണൽ ബണ്ട്- പ്രവൃത്തികൾ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമല്ല | 1-32 |
| 34 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അനിവാര്യചെലവുകൾക്ക് തുക നൽകൽ -തുക നിഷ്ക്രിയമായി സൂക്ഷിക്കുന്നു. | 1-33 |
| 35 | പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-34 |
| 36 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയുടെ വിശദ വിവരം ലഭ്യമല്ല | 1-35 |
| 37 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ: | 1-36 |
| 38 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-37 |
| 39 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. | 1-38 |
| 40 | ഗണപതിക്കാട് ക്ഷേത്രം റോഡ് അറ്റകുറ്റപ്പണികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-39 |
| 41 | മൃഗാശുപത്രിയ്ക്കായി നിർമ്മിച്ച കെട്ടിടം ജീർണ്ണിച്ച് ഉപയോഗക്ഷമമല്ലാതായിരിക്കുന്നു. | 1-40 |
| ഭാഗം **2** | | |
| 1 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 2-1 |
| ഭാഗം **3** | | |
| 1 | പെണ്ണാട് വിതരണം അധിക തുക അനുവദിച്ചു. | 3-1 |
| 2 | അധിക തുക നല്കി താറാവിൻ കുഞ്ഞുങ്ങളെ വാങ്ങി. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 17.02.2019 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് 23.02.2022 ലെ (4)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 32480045.00 | 19396774.83 | 13083271.00 |
| വരവ് | 289869000.00 | 162068534.00 | 127800466.00 |
| ആകെ | 322349045.00 | 181465308.83 | 140883737.83 |
| ചെലവ് | 291507800.00 | 149337848.00 | 142169952.00 |
| നീക്കിയിരിപ്പ് | 30841245.00 | 32127460.83 | 1286215.83 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 4.1കോടി രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 8.3 കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അജഗജാന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022. | 22.06.2022 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1)ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വായ്പാബാധ്യത 32,76,000 ആയിരിക്കെ വാർഷിക ധനകാര്യപത്രികയിൽ (ബി-5 ഷെഡ്യൂൾ,ബാലൻസ് ഷീറ്റ്) വായ്പാബാധ്യത 33,81,600 രൂപയായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ സ്രോതസ്സിൽ നിന്നും തവണകളായി കുറവ് ചെയ്ത തുക തെറ്റായി ജേണൽ എൻടി നടത്തിയതിനാലാണ് ഈ തെറ്റ് സംഭവിച്ചിട്ടുള്ളത്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied ,Untied ) എന്നിവയിൽ ബാങ്ക് ,ട്രഷറി എന്നിവിടങ്ങളിൽ വന്ന വരവ് ചെലവ് കണക്കുകളും ട്രഷറിയിലെ ലാപ്സായ തുക, ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും റികിസിഷൻ തയ്യാറാക്കുകയും ചെലവ് തനത് ഫണ്ടിൽ (P.B.I.G) നിന്നും ചെലവ് നടത്തുകയും റികിസിഷൻ തയ്യാറാക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവ് നടത്തിയതും പോലുള്ള കാര്യങ്ങളാലാണ് പൊരുത്തക്കേട് സംഭവിച്ചിട്ടുള്ളത്.
3)ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ മൂല്യം പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഓഫീസ്, കളിസ്ഥലം, വിവിധ പദ്ധതികൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ , അംഗൻവാടികൾ എന്നിവ ഉൾപ്പടെയുള്ള സ്ഥാവര ആസ്തികളുടെ റവന്യൂ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുകയോ മൂല്യം കണക്കാക്കി കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4).പഞ്ചായത്തിന്റെ കോർപ്പറേഷൻ ബാങ്കിലെ റീലീഫ് ഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ കൃത്യമല്ല. ഈ അക്കൗണ്ടിന്റെ ബാങ്ക് പാസ്സ്ബുക്ക് ലഭ്യമല്ല. പാസ് ബുക്കില്ലാതെയാണ് റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് ക്രമീകരിക്കേണ്ടതാണ്.
5).പഞ്ചായത്തിന്റെ യൂണിയൻ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ (നം-345302010006646) നിന്നുള്ള എല്ലാ ചെലവുകൾക്കും ബാങ്ക് ചാർജ്ജ് ഈടാക്കുന്നുണ്ട്. സർക്കാർ ഇടപാടുകൾ നടക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ കോടികളുടെ ഇടപാടുകളുള്ള അക്കൗണ്ടിന് ഇപ്രകാരം ചാർജ്ജ് ഈടാക്കുന്നത് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്..
6) നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ ഏജൻസികൾക്കും നൽകിയ മുൻകൂറുകൾ സമയപരിധിക്ക് ശേഷവും തീർപ്പാക്കാതെ അവശേഷിക്കുന്നു.ഇവയുടെ വിവരങ്ങൾ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
7) ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, മറ്റ് ഗ്രാന്റുകൾ ശീർഷകങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് -ബി-4 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
8) നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ നിർവ്വഹണ ഏജൻസികൾക്കും നൽകിയ വിവിധ ഡെപ്പോസിറ്റുകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി

സൂക്ഷിക്കുന്നില്ല. ഈ സാമ്പത്തിക വർഷം കൊച്ചിൻ കോർപ്പറേഷൻ വഴി ലഭിച്ച ഡെപ്പോസിറ്റ് വർക്കിന്റെ തുക ഈ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.(ബാലൻസ് ഷീറ്റ് -ബി-18 ഷെഡ്യൂൾ)

7) Other Receipts (Arrears) Head Code 431400124 ശീർഷകത്തിൽ 64,76,321 രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ളതായി (ബി-15 ഷെഡ്യൂൾ,ബാലൻസ് ഷീറ്റ്) രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയും വലിയ തുക ലഭിക്കാനുണ്ടായിട്ടും അത് സംബന്ധിച്ച രേഖകളോ വിശദാംശങ്ങളോ ലഭ്യമല്ല. ഈ തുകയുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനാവശ്യമായ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 19396774.83 |
| വരവ് | 162068534.00 |
| ആകെ | 181465308.83 |
| ചെലവ് | 149337848.00 |
| നീക്കിയിരിപ്പ് | 32127460.83 |
| തടസ്സപ്പെടുത്തിയ തുക | 5773138 |
| വരവ് നഷ്ടം | 3300 |
| ചെലവ് നഷ്ടം | 46350 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 41772964 | 41772964 | 33734122 | | 8038842 |
| വികസനഫണ്ട് -SCP | 0 | 5322000 | 5322000 | 5014178 | | 307822 |
| വികസനഫണ്ട് -TSP | 0 | 14500 | 14500 | 0 | | 14500 |
| ധനകാര്യകമ്മീഷൻ അവാർഡ് (Untide) | 0 | 9311544 | 9311544 | 3362391 | 5222966 | 726187 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 17032627 | 17032627 | 4671267 | 9779394 | 2581966 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 1158700 | 1158700 | 0 | | 1158700 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 11254804 | 11254804 | 6035570 | | 5219234 |
| ICDS (320100121) | 2239989 | 924232 | 3164221 | 638822 | 2525399 | |
| Total Sanitation Campaign (320100115) | 12000 | 210000 | 222000 | 210000 | 12000 | |
| BSUP | 1987336 | 59778 | 2047114 | 0 | 2047114 | |
| Suchitwa Mission | 2148994 | 588000 | 2736994 | 636000 | 2100994 | |

ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied ,Untied ) എന്നിവയിൽ ബാങ്ക് ,ട്രഷറി എന്നിവിടങ്ങളിൽ വന്ന വരവ് ചെലവ് കണക്കുകളും ട്രഷറിയിലെ ലാപ്സായ തുക, ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും റിക്വിസിഷൻ തയ്യാറാക്കുകയും ചെലവ് തനത് ഫണ്ടിൽ (P.B.I.G) നിന്നും ചെലവ് നടത്തുകയും റിക്വിസിഷൻ തയ്യാറാക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവ് നടത്തിയതും പോലുള്ള കാര്യങ്ങളാലാണ് പൊരുത്തക്കേട് സംഭവിച്ചിട്ടുള്ളത്. എ.സി.ആർ, അക്കൌണ്ട്സ് എന്നിവ പ്രകാരമുള്ള തുകയാണ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വികസനഫണ്ട്

ജനറലിൽ സർക്കാർ സ്രോതസ്സിൽ കുറവ് ചെയ്ത തുക റസീപ്റ്റ്സ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെടുത്താത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-6 ലെ ഈയിനത്തിലെ ചെലവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ ലഭിച്ച മുഴുവൻ തുകയും ലാപ്സായിപ്പോയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തികരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 178 | 232214566 | 133 | 98910249 | 97 | 36 | 45 | 54.49% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13547.00 | 932122.0 | 945669.00 | 940985.00 | 4684.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 40443415.00 | 40443415.00 | 40443415.00 | |
| ആകെ | 13547.00 | 41375537.00 | 41389084.00 | 41384400.00 | 4684.00 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2382400 | 124 |
| വിധവാപെൻഷൻ | 18004600 | 938 |
| വാർദ്ധക്യകാലപെൻഷൻ | 54654600 | 2846 |
| വികലാംഗപെൻഷൻ | 5312300 | 277 |
| വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2746600 | 143 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.02.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5925 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6.സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.
7.പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2021 | 10.10.2020മുതൽ 31.12.2020വരെ | 03.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2014-15 മുതൽ 2018-19വരെ | 27.09.2019 |

## 1-11 വസ്തുനികുതി നിർണ്ണയം - അപാകതകൾ

ചെല്ലാനം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 60/- രൂപ നിരക്കിലും 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 70/- രൂപ നിരക്കിലും ആണ് വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഘടനാപരമായ മാറ്റം വരുത്തിയിട്ടുള്ള, താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടത്തിന് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

A. ഘടനാപരമായ വ്യത്യാസം വരുത്തിയ കെട്ടിടം

| കെട്ടിട നം. | ഉടമയുടെ പേര് | സെലക്ട് ചെയ്തിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (തറ വിസ്തീർണ്ണം X നിരക്ക്) | സെലക്ട് ചെയ്യേണ്ട അടിസ്ഥാന വസ്തുനികുതി (തറ വിസ്തീർണ്ണം X നിരക്ക്) | അടിസ്ഥാന വസ്തുനികുതിയിലെ മാത്രം വ്യത്യാസം |
|---|---|---|---|---|
| 13/98/ A | ജീജൻ ജോസഫ് | 167.58 X 60 = 10054.8 | 167.58 X 70 =11730.6 | 1676.00 |

16.06.2017 ൽ തിരുത്തൽ വരുത്തിയതായി രേഖപ്പെടുത്തിയിരിക്കുന്ന മേൽ കെട്ടിടത്തിന് ഘടനാപരമായ വ്യത്യാസം വരുത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയസോഫ്റ്റ് വെയറിൽ തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്ത്, കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച് പിരിവ് നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

B. ARV (Annual Rental Value) കെട്ടിടങ്ങൾ

താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമയുടെ പേര് | സെലക്ട് ചെയ്തിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (തറ വിസ്തീർണ്ണം X നിരക്ക്) | സെലക്ട് ചെയ്യേണ്ട അടിസ്ഥാന വസ്തുനികുതി (തറ വിസ്തീർണ്ണം X നിരക്ക്) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 5/319 | വർഗ്ഗീസ് ഭാര്യ മിനിമോൾ | 187x 60 = 11220 | 187x 70 = 13090 | 304 | ഘടനാപരമായമാറ്റം വന്നിട്ടുണ്ടോഎന്ന വിവരം ലഭ്യമാക്കേണ്ടതാണ്. |
| 2 | 16/293 | ബന്നി ഈരാശേരിൽ | 121.8 X60=7308 | 121.8 X70=8526 | 1282 | ” |

| | | | | |
|---|---|---|---|---|
| 3 | 15/317/A | രാജമ്മ ലൂയിസ് | Not Started | കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗ വിവരവും കെട്ടിടം നിലവിലില്ല എങ്കിൽ കെട്ടിട നമ്പർ നിലനിർത്തിയിരിക്കുന്നതിന്റെ കാരണവും അറിയിക്കേണ്ടതാണ്. |
| 4 | 20/298 | അമ്മിണി ആന്റണി | Not Started | " |

മുകളിൽ കാണിച്ചിരിക്കുന്ന (ക്രമ നം. 1,2) 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നു എങ്കിൽ ആയതിന്റെ വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമാക്കേണ്ടതാണ്. നിലവിൽ ARV കെട്ടിടങ്ങൾക്ക് വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി വിവരങ്ങൾ സഞ്ചയ പ്രകാരം രേഖപ്പെടുത്തിയിട്ടില്ല. താഴെ ചേർത്തിരിക്കുന്ന വിധത്തിലാണ് സഞ്ചയ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. ഇത് ആശയക്കുഴപ്പത്തിനു കാരണമാകുന്നതിനാൽ അപാകത പരിഹരിക്കേണ്ടതാണ്. നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ (ബാധകമായവ) ആയത് പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഘടനാപരമായ മാറ്റം വന്നിട്ടുള്ളവയ്ക്ക് ആയത് പ്രകാരം വസ്തുനികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും പരിഗണിക്കേണ്ടതാണ്.

| വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി | |
|---|---|
| (എ) നിലവിലുള്ള നികുതി (തുക) | XX |
| (ബി) വസ്തുനികുതി വർദ്ധനവ് (തുക) | 0 |
| (സി) വർദ്ധനവ്(%) | 0 |
| (ഡി) ഉയർന്ന പരിമിതി (തുക) | 0 |
| (ഇ) താഴ്ന്ന പരിമിതി (തുക) | 0 |

അപാകത പരിഹരിഹരിച്ച് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

### 1-12 വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കേണ്ടതാണ്.

പഞ്ചായത്ത് വക വസ്തുക്കൾ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്നതിനുള്ള ബൈലോ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 256, 1995 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/01/02/23) മറുപടി ലഭ്യമാക്കിയില്ല. ബൈലോ തയ്യാറാക്കി രജിസ്റ്റർ ചെയ്ത് വാടകയ്ക്കോ പാട്ടത്തിനോ നൽകുന്ന പഞ്ചായത്ത് വക വസ്തുക്കൾ നിയമപരമായി സുരക്ഷിതമാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

### 1-13 ലൈസൻസ് ഫീസ് കുറവായി ഈടാക്കി.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷങ്ങളിലേക്കുള്ള അപേക്ഷകൾ സെക്ഷൻ ക്ലർക്കിന്റെ പരിശോധന റിപ്പോർട്ടിന്റേയും മുൻ വർഷത്തെ ലൈസൻസ് ഫീസും ,ലൈസൻസ് ആവശ്യമായ സ്ഥാപനത്തിന്റെ സംരംഭക പ്രവർത്തനങ്ങളെയും അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓരോ അപേക്ഷയിന്മേലും ഈടാക്കേണ്ടുന്ന ഫീസ് അംഗീകരിച്ചു നല്കിയിരുന്നു. എന്നാൽ സെക്രട്ടറി ഈടാക്കുവാൻ നിർദ്ദേശിച്ചതിന് വിരുദ്ധമായി തുക കുറവായി ഈടാക്കി. നഷ്ടം സംഭവിച്ചിട്ടുള്ളതിന്റെ വിശദവിവരം ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

### 1-14 ലേലം കുടിശ്ശിക ഈടാക്കേണ്ടതാണ്.

പരുത്തിത്തോട് ചാലിലെ മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശം 2021-22 ലേക്ക് ശ്രീ. കെ.ജെ. ആന്റണി, കാട്ടിപ്പറമ്പ് എന്നയാൾ 20,30,000/- രൂപയ്ക്ക് ലേലംകൊണ്ടിരുന്നു. ലേലം രജിസ്റ്റർ പ്രകാരം 16,91,666/- രൂപ മാത്രമാണ് നാളിതുവരെ ഈ ഇനത്തിൽ അടവാക്കിയിട്ടുള്ളത്. ബാക്കി 3,38,334/- രൂപ, എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പലിശ സഹിതം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി

ലഭ്യമാക്കേണ്ടതാണ്
2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ അരിയർ 64,76,321/- ( Other Receipts - Head - 431400124) ഉണ്ട്. ആയത് ഈടാക്കിയിട്ടുണ്ടോ എന്ന വിവരവും ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും അറിയിക്കേണ്ടതാണ്.

1-15 കെട്ടിട ഉടമസ്ഥാവാശം മാറ്റൽ (Ownership Change) -അനധികൃതമായി രേഖകൾ തിരുത്തി

1. അസ്സ്മെന്റ് രജിസ്ററർ പേജ് നമ്പർ 40 പ്രകാരം 13/312 ( 4/303) എന്ന നമ്പർ കെട്ടിടം ശ്രീ. ഇ.എ. സേവ്യർ (ജോളി) ഇടവഴിക്കൽ എന്നയാളുടെ പേരിലാണ്. അസ്സ്മെന്റ് രജിസ്റററിൽ Ownership Change Doc No. 1489/19 Dtd. 08.05.19 W.e.f. 29.11.19 എന്ന രേഖപ്പെടുത്തലോടെ ഇ.എ. സേവ്യർ (ജോളി) എന്ന പേരിന് വൃത്തം വരച്ച് 1. ആന്റണി , 2. തങ്കമ്മ എന്നീ പേരുകൾ ചുവന്ന മഷിയിൽ ചേർത്തിരിക്കുന്നു. സെക്രട്ടറിയുടെ, തീയതിവച്ചുള്ള ഒപ്പോ സീലോ പതിച്ചിട്ടില്ല. ഇപ്രകാരം അനധികൃതമായി രേഖകൾ തിരുത്തൽ വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഇ.എ. സേവ്യർ (ജോളി) ഇടവഴിക്കൽ എന്ന ആദ്യ ഉടമ ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ആയതും അനുബന്ധരേഖകളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഉടമസ്ഥാവകാശം മാറ്റിയിരിക്കുന്നതിന് ആധികാരികമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3. സഞ്ചയ Transaction File History വിവരങ്ങൾ പ്രകാരം (Building ID 50665010003655 ) ഉടമസ്ഥാവകാശവിവരങ്ങളിൽ Ownership Change File Number ചേർത്തിരിക്കുന്നത് A2/6757/19 (Nov.12/2019) എന്നാണ്. ടി ഫയൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.
4. ഇതു സംബന്ധിച്ച് കെട്ടിട നമ്പർ 13/312 ന്റെ അവകാശിയാണെന്ന കാണിച്ചുകൊണ്ട് ഇ.എ. സേവ്യർ (ജോളി) ഇടവഴിക്കൽ ചെല്ലാനം ഗ്രാമപഞ്ചായത്തിൽ 23.06.2022ൽ JC5-1186 നമ്പരായി നൽകിയിരിക്കുന്ന പരാതിയിൽ, 2019 വരെ കെട്ടിട നികുതി ഇ.എ. സേവ്യർ (ജോളി) ഇടവഴിക്കൽ എന്നപേരിൽ അടവാക്കിയിട്ടുണ്ടെന്നും ഇപ്പോൾ നികുതി അടയ്ക്കുവാൻ വന്നപ്പോൾ ടി കെട്ടിട നമ്പർ വേറൊരു വ്യക്തിയുടെ പേരിലാണ് കാണുന്നത് എന്നും പറയുന്നു. ഉടമയുടെ ആവശ്യപ്രകാരമല്ലാതെ ഉടമസ്ഥാവകാശം മാറ്റിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5. 2019-20 വരെ ടി കെട്ടിടത്തിന് മാനവൽ രസീത് പ്രകാരം നികുതി അടവാക്കിയിരിക്കുന്നത് ഇ.എ. സേവ്യർ (ജോളി) എന്ന പേരിലാണ്. എന്നാൽ ടി രസീത് (54787/92 Dtd 15.10.19) സഞ്ചയ സോഫ്റ്റ് വെയറിൽ ഇതേ നമ്പർ കെട്ടിടത്തിനു വേണ്ടി 1. ആന്റണി, 2. തങ്കമ്മ എന്ന പേരിലാണ് പോസ്റ്റ് ചെയ്തിരിക്കുന്നത്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

6. കെട്ടിട നമ്പർ 13/312 ന്റെ അവകാശം ഉന്നയിക്കുന്ന ഇ.എ. സേവ്യർ (ജോളി) ഇടവഴിക്കൽ , 1. ആന്റണി , 2. തങ്കമ്മ എന്നിവർ നിലവിൽ ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ സർവ്വേ നമ്പരുകൾ, ലൊക്കേഷൻ എന്നിവ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 30/03.02.2023 മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധിച്ച്, ടി "ഉടമസ്ഥാവാശം മാറ്റൽ" അനധികൃതമായി നടത്തിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടാൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ആയത് റദ്ദ് ചെയ്ത് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ഇൻഫർമേഷൻ കേരള മിഷനിൽ (IKM) നിന്ന് ടി കെട്ടിടം സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ ബാക്ക് അപ് (പഴയ ഡേറ്റ) ശേഖരിച്ച് തിരുത്തൽ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

1-16 ആംബുലൻസ് സർവീസ് - അപാകതകൾ

ചെല്ലാനം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 43 M 9978 നമ്പർ ആംബുലൻസിന്റെ സർവീസ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രസീത് പ്രകാരമുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. 29.01.2022/03/103 മുതൽ 25.01.2023/03/146 വരെയുള്ള രസീതുകളാണ് പരിശോധിച്ചത്.

| രസീത് നമ്പർ , തീയതി | ബുക്ക് കൈപ്പറ്റി ഉപയോഗിച്ചിരിക്കുന്നത് | തുക |
|---|---|---|
| 03/103/ 29.01.2022 | ശ്രീ. ജോസഫ് വിനീഷ്, ആംബുലൻസ് ഡ്രൈവർ | 26,600.00 |

(2020-21 ഓഡിറ്റ് റിപ്പോർട്ട് പരാമർശം ( ഖ. 1-16) പ്രകാരം ആംബുലൻസിന്റെ സേവനം ആരംഭിച്ചതു മുതൽ പിരിഞ്ഞു കിട്ടിയ വാടക തുക കരാർ വ്യവസ്ഥ 8 പ്രകാരം പഞ്ചായത്ത് നൽകിയ പ്രത്യേക രസീതിൽ ഈടാക്കി അടുത്ത പ്രവൃത്തി ദിവസം തന്നെ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് HMC അക്കൗണ്ടിൽ അടവാക്കണമെന്നിരിക്കെ 07/07/2020 മുതൽ ലഭിച്ച വാടക വരവ് HMC അക്കൗണ്ടിൽ അടവാക്കാതെ ഒന്നര വർഷത്തിനു ശേഷം ആകെ വാടക വരവിൽ (1,14,485/- രൂപ) നിന്നും ചെലവ് തുക കഴിച്ച് ബാക്കി 26,107/- രൂപ മാത്രമാണ് പഞ്ചായത്തു ഫണ്ടിൽ 17/02/2022 ന് അടവാക്കിയത്. 29.1.22 ൽ ലഭിച്ച 26600/- രൂപയും ടി വരവിൽ ഉൾപ്പെടുത്തി കാണുന്നു. ചെലവ് തുകയായി 88378/-രൂപയാണ് ഡ്രൈവർ എടുത്തിട്ടുള്ളത്. എന്നാൽ

ഇതിന്റെ കണക്ക് വിവരം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന കരട് ബൈലോ ആണ് ഫയലിൽ ഉള്ളത്. ആയതിന് അംഗീകാരം

വാങ്ങിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ബൈലോ നാലാം ഖണ്ഡിക പ്രകാരം നിശ്ചയിച്ചിരിക്കുന്ന വാടക നിരക്കിന് വ്യക്തത ഇല്ല. ആയത് പരിഹരിക്കേണ്ടതാണ്.
3. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം കിലോമീറ്റർ രേഖപ്പെടുത്തിയിരിക്കുന്ന പല ദിവസങ്ങളിലും രസീത് വരവില്ലാത്തതായി കാണുന്നു.

ഉദാഹരണം താഴെ ചേർക്കുന്നു.

| തീയതി | കിലോമീറ്റർ |
|---|---|
| 18.02.2022 | 88 |

ട്രിപ്പുവിവരങ്ങൾ ചേർത്ത് വാഹനത്തിന്റെ Controlling Officer സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. വാഹനപരിപാലനം സംബന്ധിച്ച നിർദേശങ്ങൾ പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 35/04.02.23 മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

1-17 സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം മുൻവർഷങ്ങളിലെ അപാകതകൾ തുടരുന്നു.

ചെല്ലാനം ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ സംബന്ധിച്ച് 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു എങ്കിലും അപാകതകൾ അതേപടി തുടരുന്നതായാണ് കാണുന്നത്. ഓഡിറ്റ് മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടും വീണ്ടും സർക്കാർ നിർദേശങ്ങൾ പാലിക്കാതെ പൊതുപണം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതായാണ് കാണുന്നത്. മരണറിപ്പോർട്ടുകൾ (2021-22) ആസ്പദമാക്കി പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാത്തതു മൂലം പെൻഷൻ അക്കൗണ്ടുകളിലേക്ക് നിലവിലും തുകകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതായി സ്റ്റാറ്റസ് കാണിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ (ഏപ്രിൽ മുതൽ മാർച്ച് വരെ) ഡെത്ത് രജിസ്ട്രേഷൻ ക്രമ നമ്പറുകൾ 94/21 മുതൽ 288/21 വരെയും 1/22 മുതൽ 54/22 വരെയുമാണ്. ഇതിൽ 255 മുതൽ 279 വരെ മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചത്. ഇവയിലൊന്നിലും പെൻഷൻ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/01.02.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം തയ്യാറാക്കിയിരിക്കുന്നത്. വരുമാനസർട്ടിഫിക്കറ്റ് അപ്ഡേഷന്റെ തിരക്കു മൂലമാണ് ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുള്ളതെന്നും എത്രയും വേഗം ഇത് പരിഹരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

I വാർദ്ധക്യകാല പെൻഷൻ (Active)

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി | തുക, ബാങ്ക് | അനർഹമായ കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഫെഡറിക് | 223501378770 | 04.11.2021 | 19200.00 The South Indian Bank | 12/21 - 11/22 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | ആനി | 408120400808 | 17.11.2021 | 17600.00 Union Bank Of India | 01/22 - 11/22 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. |
| 3 | ലീല | 900778414613 | 15.10.21 | 20800.00 The South Indian Bank | 11/21 - 11/22 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 4 | മേരി | 461660197453 | | 20800.00 The South Indian Bank | 11/21 - 11/22 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. |
| | ആകെ | | | 78,400/- | | |

ചിലതിൽ ഗുണഭോക്താവിന്റെ മരണത്തോടെ അവകാശികൾ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യതിനു ശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കിനു തുകകൾ കൈമാറിക്കൊണ്ടിരിക്കുന്നതായാണ് കാണുന്നത്. ഇത്തരത്തിൽ നിരുത്തരവാദപരമായി സർക്കാർ ഫണ്ട് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം വിതരണം ചെയ്യപ്പെടാത്ത തുകകൾ വിവിധ ബാങ്കുകളിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ആയവയിലും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

II. വിധവ പെൻഷൻ (Active)

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി | തുക , ബാങ്ക് | അനർഹമായ / കൈമാറാൻ സാധിക്കാത്ത കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | ത്രേസ്യ | 248996993597 | 01.11.21 | 9600.00 Direct To Home | 6/22 To 11/22 | തുക ഗുണഭോക്താവിനു കൈമാറാൻ സാധിച്ചിട്ടില്ല |
| 2 | ലക്ഷ്മി | 448262480838 | 03.11.21 | 19200.00 Corporation Bank | 12/21 To 11/22 | " |
| | | | | 28,800/- | | |

III. കർഷകത്തൊഴിലാളി പെൻഷൻ (Active)

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി | സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | രാധ | 808126739879 | 12.08.19 | തുക തടഞ്ഞുവച്ചിരിക്കുന്നു. |

B. മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാത്തതുമൂലം അനർഹമായ കാലയളവിൽ വിതരണത്തിനായി ബാങ്കിനു കൈമാറിയ തുകകളിൽ ചിലത് (Direct To Home) ഗുണഭോക്താവ് മരണപ്പെട്ടതിനാൽ കൈമാറാൻ സാധിച്ചിട്ടില്ല എന്ന് സേവന സോഫ്റ്റ് വെയർ പ്രകാരം സ്റ്റാറ്റസ് കാണിക്കുന്നുണ്ട്. ടി തുകകൾ ഡി.ബി.റ്റി. സെല്ലിലേക്ക് തിരിച്ചടവാക്കിയെങ്കിൽ വിവരം സ്ററാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്. താഴെ കാണുന്ന ഉദാഹരണങ്ങളിലെ സ്റ്റാറ്റസ് പ്രകാരം തുക നിലവിലും ബാങ്കിന്റെ കൈവശത്തിലാണ്. അപാകത പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

I. ഡയറക്ട് ടു ഹോം

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി/സസ്പെന്റ് ചെയ്ത തീയതി | കൈമാറാൻ സാധിച്ചിട്ടില്ലാത്ത കാലയളവ് | തുക | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | മേരി | 532684737963 | 23.05.21, 08.08.22 | 6/21 To 2/22 | 20800.00 | തുക കൈമാറാൻ സാധിച്ചിട്ടില്ല. |
| 2 | ആന്റണി | 904874184784 | 17.11.21 , 20.07.22 | 12/21 To 6/22 | 11200.00 | " |
| 3 | അന്നക്കുട്ടി ജോസ് | 438705668840 | 14.11.21, 17.02.22 | 11/21 To 2/22 | 4800.00 | " |
| 4 | പൗളി | 917737457260 | 20.11.21, 18.05.22 | 2/22 To 4/22 | 4800.00 | " |
| 5 | വർഗ്ഗീസ് | 515182275785 | 30.10.21, 17.02.22 | 10/21 To 1/22 | 6400.00 | " |
| | ആകെ | | | | 48,000/- | |

യഥാസമയം സസ്പെന്റ് ചെയ്യാത്ത പെൻഷൻ അക്കൗണ്ടുകൾ പിന്നീട് സസ്പെന്റ് ചെയ്യുമ്പോൾ ഇപ്രകാരം കൈമാറാൻ സാധിച്ചിട്ടില്ലാത്ത തുകകൾ സ്റ്റാറ്റസ് പ്രകാരം ഉണ്ടെങ്കിൽ ആയത് ക്രമീകരിച്ച വിവരം സ്റ്റാറ്റസ് പ്രകാരം തന്നെ ഉൾപ്പെടുത്തി ബോധ്യപ്പെടേണ്ടതാണ്.

C. ഗ്രാമ പഞ്ചായത്തിൽ മരണവിവരം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ അക്കൗണ്ടുകൾ നിലവിലും ആക്ടീവായി തുടരുന്നു.

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി / Reg. No. | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശൗരോ വിനാംസി | 718553346644 | 20.11.21-269/21 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ Active Pen ID 2090035146 |

| | | | | |
|---|---|---|---|---|
| 2 | ജോസഫ് | 986393641322 | 20.10.21-256/21 | ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ Active Pen ID 2090047277 |
| 3 | ത്രേസ്യ ജോസഫ് | 864704587923 | 28.10.21- 267/21 | കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ Active Pen ID 2060055326 |

മരണം രജിസ്റ്റർചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിനെ വിവരം അറിയിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

D. മരണ രജിസ്ട്രേഷനുള്ള അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന ആധാർ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കുന്ന മരണറിപ്പോർട്ടുകൾക്കൊപ്പം ഇല്ലാത്തതിനാൽ പെൻഷൻ വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഇപ്രകാരം ആധാർ വിവരങ്ങൾ വേർപെടുത്തി വയ്ക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന്, തുടർന്നുള്ള അപേക്ഷകൾ ആധാർ വിവരങ്ങൾ ഉൾപ്പെടെ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.
ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ മരണവിവരങ്ങളും പരിശോധിച്ച് പെൻഷൻ ബാധകമായവയിൽ സർക്കാർ നിർദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 വയോജനങ്ങൾക്ക് കട്ടിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 30/22,വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ, ഫണ്ട് ചെലവ് | 130500, വികസന ഫണ്ട് (എസ്.സി.പി) |
| ബിൽ നം, തീയതി, ചെലവ് തുക | 2111252009301433192, തീയതി 24.03.2022, 130470/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം 4349 /-രൂപ നിരക്കിൽ 30 കട്ടിലുകൾ കാഡ്കോയിൽ നിന്നും വാങ്ങി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ താമസിക്കുന്ന വയോജനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെച്ചേർക്കും പ്രകാരം അപാകം കാണുന്നുണ്ട്. പരിശോധിച്ച് വിശദീകരണം നല്കേണ്ടതാണ്.

1) 25-07-2017 ലെ ജി.ഒ(പി) നം.95/2017/ ധന. നമ്പർ ഉത്തരവിൽ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി KADCOയിൽ നിന്ന് കട്ടിലുകൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 31.03.2021 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(1) തീരുമാന പ്രകാരം മേൽ പദ്ധതിക്കായി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ആകെ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം 27 ആണ്. എന്നാൽ 30 കട്ടിലുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 3 എണ്ണം അധികം വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ്

3) 1) ശ്രീ.സുഗുണൻ, ആലുംപറമ്പിൽ 2) ശ്രീ.തങ്കപ്പൻ ,പുന്നക്കത്തറ3) ശ്രീ.തങ്കപ്പൻ ,വലിയതറ4) ശ്രീ.കരുണാകരൻ ,പുന്നക്കത്തറ 5)ശ്രീമതി രാജമ്മ മുരളീധരൻ ,കളത്തിൽ വീട് 6) ശ്രീമതി മണികൃഷ്ണൻ ,മാവുങ്കൽത്തറ വീട് 7) ശ്രീമതി.ശോഭന,പാലയ്ക്കാപ്പറമ്പിൽ 8)ശ്രീ.അയ്യപ്പൻ, കളത്തിൽ 9)ശ്രീമതി .ലീല,കളത്തിൽ വീട്. 10) ശ്രീമതി.ജയന്തി കുഞ്ഞപ്പൻ, ആനന്ദം പറമ്പിൽ 11) ശ്രീ.കുഞ്ഞപ്പൻ ,പോട്ടുമുറി 12) ശ്രീമതി.ലീലകരുണാകരൻ, മണക്കുമ്പിത്തറ13) ശ്രീ.സുരേന്ദ്രൻ കരിശ്ശേരി14) ശ്രീമതി.കുഞ്ഞമ്മ അയ്യപ്പൻ എന്നീ ഗുണഭോക്താക്കൾ 31.03.2021 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(1) തീരുമാന പ്രകാരം മേൽ പദ്ധതിക്കായി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾ ചൂണ്ടിക്കാട്ടി 30.01.2023 ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 130470/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല.

സാക്ഷരത പ്രേരക് മാർക്കുള്ള ഹോണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഹോണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626 /2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക് ആയ ശ്രീമതി സീമ.പി.എക്ക് ഡിസംബർ 2020, ജനവരി 2021 ഫെബ്രുവരി, മാർച്ച് 2021 എന്നീ മാസങ്ങളിലെ ഹോണറേറിയം നല്കുന്നതിന് യഥാക്രമം 21.04.2021 ലെ ചെക്ക് നം 146718 പ്രകാരം 9200 രൂപയും 04.05.2021 ലെ ചെക്ക് നം 146731 പ്രകാരം 8400 രൂപയുമുൾപ്പെടെ 17600 നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 30.01.2023 ൽ നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സാക്ഷരത മിഷനിൽ നിന്നും ലഭിക്കുവാനുള്ള17600 രൂപ ഈടാക്കി തനത് ഫണ്ടിൽ അടവാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കണ്ടതാണ്.

1-20 ഗുണഭോക്തൃവിഹിതം തിരികെ നല്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ പ്രൊജക്ട് നം 68/2021-22 തെങ്ങുകൃഷി വികസനം എന്ന പദ്ധതിക്കായി ഗുണഭോക്തൃവിഹിതമായി 75650 രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ ഈ പദ്ധതിക്കായി ഗുണഭോക്തൃവിഹിതമായി ആകെ ചെലവഴിച്ചത് 67525 രൂപ മാത്രമാണ് .ഗുണഭോക്തൃവിഹിതത്തിൽ ബാക്കിയായ 8125 രൂപ 31.03.2022 ൽ 157780 നമ്പർ ചെക്ക് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് കൃഷി ഓഫീസറുടെ 711121400000012 എന്ന അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നല്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 02.02.2023 ൽ നല്കിയ 22ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ തുക നല്കി ആയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കണ്ടതാണ്.

1-21 വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് ശ്രീ റാഫേൽക്കുട്ടി അഡ്വക്കേറ്റ് ശ്രീ.ദിനേഷ്. ആർ. ഷേണായി എന്നിവർക്ക് 2021-22 സാമ്പത്തിക വർഷം താഴെച്ചേർക്കുംവിധം ഫീസ് നല്കിയിട്ടുണ്ട്.

| ക്രമനം | കേസ് | തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|---|---|
| 1 | OS166/20,OS108/21, CMA28/21,OS16/18 | 14500 | 152572 | 14.01.22 | 1450 |
| 2 | OS83/2021 | 5000 | 146697 | 09.04.21 | 500 |
| 3 | OS113/2018 | 5000 | 146715 | 21.04.21 | 500 |
| 4 | OS199/20,OS330/19, OS67/18,OS166/20 | 5000 | 150585 | 04.06.21 | 500 |
| 5 | WP(C)2516/18 | 64525 | 157717 | 24.02.22 | 6450 |
| 6 | WP(C)26631/20 | | | | |
| 7 | WP(C)14167/20 | | | | |
| 8 | WP(C)119819/21 | | | | |
| | ആകെ | 94025 | | | 9400 |

വരുമാന നികുതി വകുപ്പിന്റെ 194 (J) ആക്ട് പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും അവർക്ക് നല്കുന്ന ഫീസിൽ നിന്ന് 10% തുക വരുമാന നികുതിയായി ഈടാക്കാമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും അഡ്വക്കേറ്റ് ശ്രീ റാഫേൽക്കുട്ടി, അഡ്വക്കേറ്റ് ശ്രീ ദിനേഷ്. ആർ. ഷേണായി എന്നിവരിൽ നിന്നും വരുമാന നികുതിയായ 9400രൂപ ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 30.01.2023 ൽ നല്കിയ 4ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വരുമാന നികുതിയിനത്തിൽ ലഭിക്കുവാനുള്ള 9400രൂപ ബന്ധപ്പെട്ട അഡ്വക്കേറ്റുമാരിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 നിയമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കി

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2014 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 67(6) വകുപ്പ് പ്രകാരം ദ്വൈമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ മൂന്ന് മാസത്തെ വൈദ്യുതി ചാർജിന് തുല്യമായ തുകയും പ്രതിമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ രണ്ടു മാസത്തെ വൈദ്യുതിചാർജിന് തുല്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് പഞ്ചായത്തിലെ ഹൈമാസ്റ്റുകളുടെ വൈദ്യുതി ചാർജിനത്തിൽ നിന്നും ഡെപ്പോസിറ്റ് തുകയിനത്തിൽ താഴെപ്പറയുംവിധം നല്കിയിട്ടുണ്ട്

| ക്രമ നം | കൺസ്യൂമർ നം | ബിൽ നം | തീയതി | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 1 | 1155609010698 | 5560220105697 | 13.01.2022 | 6522 |
| 2 | 1155600010624 | 5560220106493 | 15.01.2022 | 4437 |
| 3 | 1155605010254 | 5560220100604 | 01.01.2022 | 11582 |
| 4 | 1155606010260 | 5560220100654 | 01.01.2022 | 7498 |
| 5 | 1155602005416 | 5560220100613 | 01.01.2022 | 13550 |

എന്നാൽ 2014 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 102(3) വിരുദ്ധമായാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾ പൊതു ആവശ്യങ്ങൾക്ക് ഉള്ളതാകയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങേണ്ടതില്ലയെന്ന് അനുശാസിക്കുന്നു. കൂടാതെ കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 72 -ാം വകുപ്പ് പ്രകാരം ഡെപ്പോസിറ്റായി നല്കുന്ന തുകയ്ക്ക് നിലവിലുള്ള ബാങ്ക് പലിശയ്ക്ക് അർഹതയുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള വകുപ്പ് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കിയ തുക പലിശയടക്കം തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 30.01.2023ൽ കൊണ്ട് നല്കിയ 30ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റിനത്തിൽ നല്കിയ തുക തിരികെ ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ- തുക തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവങ്ങളിലെ ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരൊഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം പല തവണകളായി താല്ക്കാലികമായി മാറ്റിവെച്ചു കൊണ്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം തന്നെ 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. നമ്പർ ഉത്തരവിലൂടെ 2021-22 സാമ്പത്തിക വർഷത്തെ ആർജാതാവധി സറണ്ടർ 31/05/2021 വരെ സർക്കാർ നീട്ടിയിരുന്നു. തുടർന്നും ഇത് 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് G.O(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരവും ഇപ്രകാരമുള്ള നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചുകൊണ്ട് G.O(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ പ്രകാരവും സർക്കാർ ഉത്തരവിട്ടിരുന്നു.
2021-22 സാമ്പത്തിക വർഷം ഇപ്രകാരം വിവിധ ഉത്തരവുകൾ വഴി സംസ്ഥാനത്തെ എല്ലാ സർക്കാർ നിയന്ത്രണമുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം പൊതുവെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ഈ കാലയളവിൽ ആർജിതാവധി പണമാക്കി മാറ്റാൻ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.രശ്മിമോൾ പി.എസ് | അസി. സെക്രട്ടറി | 65823 | UBI-150560/ 01-06-2021 |
| 2 | ശ്രീ.ഷാജു പി.ഇ | ജൂനിയർ സൂപ്രണ്ട് | 64269 | ,, |
| 3 | ശ്രീ.അൻസൻ ഷൈജു | അക്കൗണ്ടന്റ് | 57054 | ,, |
| 4 | ശ്രീ.മനോജ്.ജി | സീനിയർ ക്ലർക്ക് | 46953 | ,, |

| | | | | |
|---|---|---|---|---|
| 5 | ശ്രീ.ഹരീഷ് പി.ആർ | സീനിയർ ക്ലർക്ക് | 46953 | ,, |
| 6 | ശ്രീ.ജോസഫ് വിനോദ് കെ.എ | സീനിയർ ക്ലർക്ക് | 45843 | ,, |
| 7 | ശ്രീമതി.സീന പി.എ | സീനിയർ ക്ലർക്ക് | 41514 | ,, |
| 8 | ശ്രീ.രാജേഷ് പി.എം | ക്ലർക്ക് | 44733 | ,, |
| 9 | ശ്രീമതി.ഗേളി റ്റി.എ | ക്ലർക്ക് | 37518 | ,, |
| 10 | ശ്രീ.ശിഹാബുദ്ദീൻ വൈ | ക്ലർക്ക് | 34521 | ,, |
| 11 | ശ്രീമതി.ലീനമോൾ.ബി | ക്ലർക്ക് | 33633 | ,, |
| 12 | ശ്രീ.ജോസഫ് ജോൺ | ക്ലർക്ക് | 41514 | ,, |
| | | ആകെ | 5,60328/- | |

മേൽ പറഞ്ഞ പ്രകാരമുള്ള തുകകൾ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ ക്രമവിരുദ്ധമായി കൈപ്പറ്റിയിട്ടുള്ളതാണ്. 2021-22 സാമ്പത്തിക വർഷത്തെ ആർജാതാവധി സറണ്ടർ 01.06.2021 മുതൽ മുൻകാലപ്രാബല്യത്തോടെ 6 മാസത്തേക്കു കൂടി മാറ്റിവെച്ച് കൊണ്ടും (G.O(P) No. 104/2021/ Fin. Dated 26/07/2021) ഈ നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ച് കൊണ്ടും (G.O(P) No. 160/2021/ Fin. Dated 01/12/2021) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം പൂർണ്ണമായി ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഈ കാലയളവിൽ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ ക്രമീകരിച്ചത് സംബന്ധിച്ച് സർക്കാർ അനുമതിയും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയോ ആനുപാതിക ആർജിതാവധി ലീവ് അക്കൗണ്ടിൽ റീ ക്രെഡിറ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (33 Dtd 04/02/2023) നൽകിയിരുന്നു. സർക്കാർ നിർദ്ദേശമില്ലാതെ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ തുക 560328/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പെണ്ണാട് വിതരണം അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0039/2021-22, പെണ്ണാട് വിതരണം (ജനറൽ) |
| അടങ്കൽ ഫണ്ട് | 133000/-വികസന ഫണ്ട് (പൊതുവിഭാഗം)<br>133000/- ഗുണഭോക്തൃവിഹിതം ആകെ അടങ്കൽ 266000 |
| ബിൽ നം, തീയതി, ചെലവ് | 1/21-22, 18.01.22, 63000<br>10/21-22, 07.03.2022, 70000<br>63000,ചെക്ക് നം5936439.തീയതി 04.02.2022<br>70000,ചെക്ക് നം157761.തീയതി 25.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ ,ചെല്ലാനം |

ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 വീതം പെണ്ണാട് വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും. ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് 50% സബ്സിഡി നിരക്കിൽ ഒരാടിന് 2500/- രൂപ മാത്രമേ അനുവദിക്കാവുവെന്നിരിക്കേ നിർവ്വഹണോദ്യോഗസ്ഥൻ ഒരാടിന് 3500/- രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 19 ഗുണഭോക്താക്കൾക്ക് രണ്ട് ആടുകൾ സബ്സിഡിയായി ഇനത്തിൽ 2500*38=95000 നൽകുന്നതിന് പകരം 3500*38=133000 നൽകിയതിനാൽ 38000 രൂപ അധികം നൽകുവാനിടയായി. (133000-95000 =38000) വിശദവിവരം ഭാഗം -3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-25 അധിക തുക നല്കി താറാവിൻ കുഞ്ഞുങ്ങളെ വാങ്ങി.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0017/21-22 വനിതകൾക്ക് താറാവ് കുഞ്ഞുങ്ങൾവിതരണം |

| | |
|---|---|
| അടങ്കൽ, ഫണ്ട് | 217000, 108550,വികസന ഫണ്ട്, (പൊതുവിഭാഗം)<br>108550 ഗുണഭോക്തൃവിഹിതം |
| ബിൽ നം, തീയതി ,ചെലവ് | 09/21-22 ,108550, 07.03.2022<br>108550, 25.03.2022 ചെക്ക് നം 1507762 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചെല്ലാനം |

വെറ്റിനറി സർജൻ നിർവ്വഹണോദ്യേഗസ്ഥയായി ഗ്രാമ പഞ്ചായത്തിലെ 167 ഗുണഭോക്താക്കൾക്ക് 10 താറാവിൻ കുഞ്ഞുങ്ങൾക്ക് ഒന്നിന് 65 രൂപ ഗുണഭോക്തൃവിഹിതവും 65 രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതവും ഈടാക്കി നല്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 51-60 ദിവസം പ്രായമായ താറാവിൻ കുഞ്ഞുങ്ങൾക്ക് 120രൂപയാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന വില. എന്നാൽ .ശ്രീ.തോമസ്.കെ.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള തോമസ് നേഴ്സറി,തൃപ്പെരുന്തുറ, ചെന്നിത്തല എന്ന സ്ഥാപനത്തിൽ നിന്ന് 51-60 ദിവസം പ്രായമായ 1670 താറാവിൻ കുഞ്ഞുങ്ങളെ 130രൂപ നിരക്കിൽ വാങ്ങിയതിന് 217000 രൂപ നല്കിയിട്ടുണ്ട്. 120 രൂപ നിരക്കിൽ വാങ്ങേണ്ടിയിരുന്ന താറാവിൻ കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ വാങ്ങിയതിനാൽ വികസനഫണ്ടിൽ നിന്നും അധികമായി 8350 രൂപ ചെലവ് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 മെഡിക്കൽ ഓഫീസർ ഹോമിയോ, പ്രോജക്ട് നിർവഹണത്തിലെ അപാകത

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് എയർ കണ്ടീഷണർ, ഗ്ലാസ് ഡോർ കർട്ടനുകൾസ്ഥാപിക്കൽ |
| പ്രോജക്ട് നമ്പർ | 119/21-22 |
| അടങ്കൽ | 1,00,000/-(MF-NR) |
| ചെലവ് | 1,00,000/- |
| ബിൽ നം. , Ch No. /തീയതി,തുക | 303/16.02.2022, 1,00,000/-<br>TRN 211112000000008260/18/02/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ, കണ്ടക്കടവ്/ കണ്ണമാലി. |

മേൽ പദ്ധതിക്കായി Artisans Development Co-operative Society Ltd. 4429 എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് നമ്പർ 434/ 04.02.2022. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/02.02.23) മറുപടി ലഭ്യമാക്കിയില്ല.
താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

A. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

സർക്കാർ സർക്കുലർ നം. 17166/എ.എം3/2009/ത.സ്വ.ഭ.വ തീയതി 10.11.2009 പ്രകാരം കെയ്കോ, റെയ്ഡ്കോ, ആർട്കോ മുതലായ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ മേൽ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന യന്ത്രസാമഗ്രികൾ മാത്രമേ ടെണ്ടർ കൂടാതെ വാങ്ങാവൂ. സ്വന്തമായി നിർമ്മിക്കാത്ത യന്ത്രങ്ങളും സാമഗ്രികളും വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. എന്നാൽ ഈ പദ്ധതിയിൽ വാങ്ങിയ എയർകണ്ടീഷണർ, അലൂമിനിയം ഡോർ & ഗ്ലാസ് സെക്ഷൻ, കർട്ടൻ വിത് ബ്ലൈൻഡ്, ആർട്ട് വർക്ക് സ്റ്റിക്കർ എന്നിവ ആർട്കോ സ്വന്തമായി നിർമ്മിക്കാത്തതിനാൽ ഇവയ്ക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

B. ഒരു ലക്ഷം രൂപ ചെലവ് നിർണ്ണയിച്ചിരിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല.
C.എ.സി ഫിറ്റിംഗിനുള്ള വയറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ടി സ്ഥാപനം നടത്തിയിട്ടുള്ളതായാണ് ബില്ലിൽ നിന്നും കാണുന്നത്. ഇലക്ട്രിക് വയറിംഗ് പ്രവൃത്തികൾക്കായി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കിയതിനു ശേഷം എ.സി വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ വാങ്ങിയത് മൂലം എ.സി യുടെ വില എത്രയെന്ന് പോലും വ്യക്തമല്ല.

D. സ്ഥാപിച്ചിരിക്കുന്ന എയർ കണ്ടീഷണറിന്റെ വാറന്റി സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

II.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 118/2021-22 |
| അടങ്കൽ | 4,00,000/- (MF-NR) |
| ചെലവ് | 4,00,000/- |
| ബിൽ നം. , Ch No. /തീയതി,തുക | 305/16.02.2022, 4,00,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ, കണ്ടക്കടവ്/ കണ്ണമാലി. |

മേൽ പദ്ധതിക്കായി ഹോംകോ ആലപ്പുഴയുടെ പ്രൊഫോമ ഇൻവോയ്സ് നം. 1362/ 15.01.2022 , പ്രകാരം ചെലവഴിച്ച 4,00,000/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് (ബന്ധപ്പെട്ട പ്രൊഫോമ ഓർഡർ നമ്പർ സഹിതം) ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

III.ഹോമിയോ ഡിസ്പെൻസറിക്ക് മെഡിസിൻ റാക്ക് ടേബിൾ, എക്സിക്യൂട്ടീവ് ചെയർ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മെഡിസിൻ റാക്ക് ടേബിൾ, എക്സിക്യൂട്ടീവ് ചെയർ |
| പ്രോജക്ട് നമ്പർ | 120/21-22 |
| അടങ്കൽ | 75,000/- (MF-NR) |
| ചെലവ് | 75,000/- |
| ബിൽ നം. , Ch No. /തീയതി,തുക | 304/16.02.2022, 75,000/-<br>TRN 211112000000008258/18/02/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ, കണ്ടക്കടവ്/ കണ്ണമാലി. |

മേൽ പദ്ധതിക്കായി Artisans Development Co-operative Society Ltd. 4429 എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് നമ്പർ 436/ 05.02.2022. ഇതു സംബന്ധിച്ച്, താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

A.ഈ പദ്ധതിയിൽ വാങ്ങിയ മെഡിസിൻ റാക്ക് ടേബിൾ, എക്സിക്യൂട്ടീവ് ചെയർ തുടങ്ങിയവ ആർട്കോ സ്വന്തമായി നിർമ്മിക്കാത്തതിനാൽ ഇവയ്ക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

B. എഴുപത്തയ്യായിരം രൂപ ചെലവ് നിർണ്ണയിച്ചിരിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദേശങ്ങൾ പാലിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 ഗ്രാമപഞ്ചായത്ത് വാഹനം-വിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-43 DD-5555 നമ്പർ മഹീന്ദ്ര ബൊലോറോ ജീപ്പ് 12.12.2021 ൽ അപകടത്തിൽ പെട്ടതിനെത്തുടർന്ന് ചേരാനല്ലൂരിലുള്ള കംബൈൻ ഓട്ടോ മൊബൈൽസ് വർക്ക് ഷോപ്പിലേക്ക് റിപ്പയറിംങിനായി നൽകിയിട്ടുള്ളതായി വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വാഹനം സംബന്ധിച്ച് താഴെചേർത്തിട്ടുള്ള പരാമർശംങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1.കോഴിക്കോട് പി.ഡബ്ലി.യു മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.09.2021 ലെ DB-131/2021-22(UE)5555 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ KL-43 DD-5555 നമ്പർ വാഹനത്തിന് Un Ecconomy സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളതും, പ്രസ്തുത വാഹനം കണ്ടം ചെയ്യുന്നതിനാവശ്യമായ വ്യവസ്ഥകൾ (കാലയളവ്/ കിലോമീറ്റർ) പാലിച്ചിട്ടില്ലാത്തതിനാൽ ഉത്തരവാദപ്പെട്ട ഹയർ അതോറിറ്റിയിൽ നിന്നും അനുമതി വാങ്ങി കണ്ടം ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തുടർന്നും വാഹനം ഗ്രാമപഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി ഓടിയതായി കാണുന്നു. പ്രസ്തുത വാഹനം Condemn ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.ഗവൺമെന്റ് അംഗീകൃത വർക്ക് ഷോപ്പായ ചേരാനല്ലൂർ കംബൈൻ ഓട്ടോ മൊബൈൽസിൽ നിന്ന് വാഹനം റിപ്പയർ ചെയ്ത് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ചെലവായ തുക സംബന്ധിച്ച വിവരവും, ഇൻഷ്യൂറൻസ് ക്ലെയ്മിനത്തിൽ ലഭിച്ച തുകയുടെയും വിവരവും ലഭ്യമാക്കേണ്ടതാണ്.

3. ചാലക്കുടി പി.ഡബ്ലി.യു മെക്കാനിക്കൽ സബ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15.07.2022 ലെ

ഡി-3/706/89/LBV/EKM കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-43 DD-5555 നമ്പർ മഹീന്ദ്ര ബൊലോറോ ജീപ്പ് ലേലം ചെയ്യുന്നതിന് 100000/-രൂപ വില നിശ്ചയിച്ച് നല്കിയിട്ടുള്ളതാണ്. വാഹനം ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

4. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക യാത്രകൾ വാഹനം വാടകയ്ക്കെടുത്താണ് നടത്തുന്നത്. പ്രസ്തുത വാഹനത്തിന്റെ ഉടമയുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാർ, ടി ഇനത്തിൽ നൽകിയ തുകയുടെ വിവരം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് കൊണ്ട് 03.02.2023 ൽ നല്കിയ 29ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-43 DD-5555 നമ്പർ മഹീന്ദ്ര ബൊലോറോ വാഹനം Condemn ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ ഉത്തരവ് ലഭിച്ചതിനു ശേഷമാണ് വാഹനം അപകടത്തിൽ പെടുന്നത്.ആയതിനാൽ തന്നെ ജീപ്പിന്റെ കസ്റ്റോഡിയനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് വാഹനത്തിന്റെ മേൽനോട്ടത്തിൽ കടുത്ത കൃത്യവിലോപം ഉണ്ടായിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് വകുപ്പ് തല അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

1-28 സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല.

ചെല്ലാനം, കണ്ടക്കടവ് സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2021-22 ലെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും യഥാക്രമം 10,00,000 രൂപ, 6,00,000 രൂപ വീതം വകയിരുത്തിയിരുന്നു. കൂടാതെ കണ്ടക്കടവ് സാമൂഹികാരോഗ്യകേന്ദ്രത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായും മരുന്ന് വാങ്ങാൻ പണം വകയിരുത്തിയിരുന്നു. ഈ പദ്ധതികൾ പ്രകാരം മരുന്നുവാങ്ങലിനുള്ള തുക കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ – 112/2022
നിർവ്വഹണം- മെഡിക്കൽ ഓഫീസർ , സി.എച്ച്.സി ചെല്ലാനം
അടങ്കൽ–10,00,000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ്-10,00,000/-

| പ്രോജക്ട് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | തിയതി | നൽകിയ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| 112/2022 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | PRF-1617 | 11/08/2021 | 9,76,209 | 9,76,209 | നം.2111125201070 0724146 Dtd 29/11/2021 Rs.9,76,209/- |
| | ആകെ | | | | 9,76,209 | |

2. പ്രോജക്ട് നമ്പർ – 54/2022 , 53/2022
നിർവ്വഹണം- മെഡിക്കൽ ഓഫീസർ , സി.എച്ച്.സി കണ്ടക്കടവ്
അടങ്കൽ–6,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) & 700000 (Plan -Gen)
ചെലവ്-6,00,000/- & Rs.649402/-

| പ്രോജക്ട് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | തിയതി | നൽകിയ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| 54/2022 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | PRF-4820 | 15/01/2022 | 6,00,000 | 6,00,000 | നം.21111200000 0007951dtd 07/02/2022 Rs.600000/- |
| 53/2022 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | PRF-2501 | 06/10/2021 | 136101 | 136101 | നം.2111120000 00005041 Dtd 22/10/2021 Rs.600000/- |
| | ആകെ | | | | 7,36,101 | |

മുൻകൂർ നൽകിയിട്ടും നാളിതുവരെ മരുന്നുകളൊന്നും ലഭിക്കാത്ത സാഹചര്യത്തിലും ഇത് സംബന്ധിച്ച് കേരള

സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയത് സംബന്ധിച്ച വിവരങ്ങളൊന്നും ഫയലുകളിൽ ലഭ്യമല്ല. മരുന്ന് ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (07 Dtd 31/01/23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ 17,12,310 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 കണ്ടക്കടവ് പി.എച്ച്.സി ഷിഫ്റ്റിംഗ് - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം- 228/22
അടങ്കൽ – 52,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ് –52,000/- (TRN- 21111200000008241 Dtd 17/02/22 Rs.51006/-,TRN- 21111200000009623 Dtd 30/03/22 Rs.994/-)

കണ്ടക്കടവ് പി.എച്ച്.സി പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വികസനഫണ്ടിൽ നിന്നും ആകെ 52,000 രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 25000 രൂപക്ക് മുകളിലുള്ള വാങ്ങലുകളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടറിലൂടെയാണ് നടത്തേണ്ടത്. പദ്ധതിയുമായി ബന്ധപ്പെട്ട സിവിൽ വർക്കുകൾക്കായി 28856 രൂപയും സിവിൽ വർക്കുകൾക്കായി 22150 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ വിഭാഗം പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗമാണ് തയ്യാറാക്കേണ്ടത്. ഈ എസ്റ്റിമേറ്റ് പ്രകാരം ക്വട്ടേഷൻ / ടെണ്ടർ വഴി കരാറുകാരെ തിരഞ്ഞെടുത്താണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടത്.ഇതിനുശേഷം തയ്യാറാക്കിയ എസ്റ്റിമേറ്റും ഇത് പ്രകാരം ചെയ്ത ജോലികളും എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് തയ്യാറാക്കുന്ന മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്.എന്നാൽ ഈ ചെലവുകൾക്ക് ആധാരമായ രേഖകളോ മസ്റ്റർറോളോ ബില്ലുകളോ ഹാജരാക്കിയിട്ടില്ല. ഈ ചെലവുകളുടെ കൃത്യമായ എസ്റ്റിമേറ്റ് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം വഴി തയ്യാറാക്കുകയോ ചെയ്ത പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടാണ് പദ്ധതി പ്രകാരമുള്ള സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ നടത്തിയിട്ടുള്ളത്. ക്ലീനിംഗ് പോലുള്ള കാര്യങ്ങൾ കൂലി നൽകിയാണ് നടത്തിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയുണ്ട്. പദ്ധതിയിലെ മുഴുവൻ ചെലവുകളുടെയും തുക ബന്ധപ്പെട്ട തൊഴിലാളികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നൽകാതെ ഹെൽത്ത് ഇൻസ്പെക്ടർ സ്വന്തം കൈയ്യിൽ നിന്നും ചെലവഴിച്ചതായി രേഖപ്പെടുത്തി ഹെൽത്ത് ഇൻസ്പെക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.
പി.എച്ച്.സി യുടെ എച്ച്.എം.സി ഫണ്ട്, ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച ബി ഫണ്ട് എന്നിവ നിലവിലുള്ള സാഹചര്യത്തിൽ അവയിൽ നിന്നും തുക ചെലവഴിക്കാതെ ഹെൽത്ത് ഇൻസ്പെക്ടർ സ്വന്തം കൈയ്യിൽ നിന്നും ചെലവഴിച്ചതിനും പദ്ധതിയിലെ മുഴുവൻ ചെലവുകളുടെയും തുക ആധികാരിക ചെലവുരേഖകളില്ലാതയും നടപടി ക്രമങ്ങൾ പാലിക്കാതെയും ബന്ധപ്പെട്ട തൊഴിലാളികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നൽകാതെയും ഹെൽത്ത് ഇൻസ്പെക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-19 Dtd 02/02/2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവയില്ലാതെയും കൃത്യമായ ചെലവ് രേഖകൾ ഉറപ്പാക്കാതെയും ചെലവ് നടത്തിയതിനാൽ ഈ പദ്ധതി യിൽ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ച 51,006 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ചെലവ് നടത്തി.

പ്രോജക്ട് നം- 87/2022

അടങ്കൽ - 11,00,000/- (വികസനഫണ്ട്-ജനറൽ)

ചെലവ് -10,11,959/ (വികസനഫണ്ട്-ജനറൽ)

(ട്രഷറി ബിൽ നം- 21111200000004268 Dtd 23/09/2021 Rs.445094/-,ബിൽ നം- 21111200000005005 Dtd 21/10/2021 Rs.428298/- & 21111200000005011 Dtd 21/10/2021 Rs.138567/-)

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്.തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 15/02/2021 ലെ 446/2021/ ത.സ്വ.ഭവ ഉത്തരവിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് എ1-3112/21 നമ്പരായി 10/03/2021 ൽ ക്ഷണിച്ച ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും 19/03/2021 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗം 01/01 തീരുമാനപ്രകാരം തിരഞ്ഞെടുത്ത ശ്രീ.എ.വിജോയ് , അരീക്കൽ ട്രാൻസ്പോർട്ട് ,മേക്കാട് പി.ഒ എന്ന സ്ഥാപനമാണ് കുടിവെള്ള വിതരണം നടത്തിയത്. 12,000 ലിറ്റർ കുടിവെള്ളം വാട്ടർ അതോറിറ്റിയുടെ തോപ്പുംപടി പമ്പ് ഹൗസിൽ നിന്നും എത്തിക്കുന്നതിന് 3,875 രൂപയും പെരുമാനൂർ പമ്പ് ഹൗസിൽ നിന്നും എത്തിക്കുന്നതിന് 4199 രൂപയുമാണ് അരീക്കൽ ട്രാൻസ്പോർസ് ക്വാട്ട് ചെയ്തിരുന്നത്. പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 27/02/2020ലെ 494/2020/ ത.സ്വ.ഭവ ഉത്തരവിൽ സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം

കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ജില്ലാതല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതെ കിലോമീറ്റർ അടിസ്ഥാനത്തിലല്ലാതെ,കുടിവെള്ളത്തിന്റെ അളവ് പ്രകാരമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

2) സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ഖണ്ഡിക 4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്.ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരൻ ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. ജലവിതരണം നടത്തുന്ന വാഹനം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തന്നെയാണ് കുടിവെള്ള വിതരണം നടത്തുന്നത് എന്ന് ഉറപ്പുവരുത്താനാണ് സർക്കാർ ജി.പി.എസ് ലോഗ് നിർബന്ധമാക്കിയത്. എന്നാൽ കുടിവെള്ളം വിതരണം നടത്തിയതായി കരാറുകാരൻ ഹാജരാക്കിയ ഗേറ്റ്പാസ് അടിസ്ഥാനപ്പെടുത്തിയാണ് മുഴുവൻ തുകയും നൽകിയത്.പദ്ധതി കാലയളവിലെ ഒരു ദിവസത്തെ പോലും ജി.പി.എസ് ലോഗ് എടുത്തിട്ടില്ല.ഇതിനാൽ വാട്ടർ അതോറിറ്റിയിൽ നിന്നും ഗേറ്റ് പാസ് എടുത്ത കുടിവെള്ളം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തന്നെ വിതരണം നടത്തി എന്നുറപ്പ് വരുത്താനാവശ്യമായ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കുടിവെള്ളവിതരണം നടക്കുന്ന ദിവസം തന്നെയോ പദ്ധതി കാലയളവിലോ ജി.പി.എസ് റിപ്പോർട്ട് എടുക്കാതെ 10,11,959 രൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുള്ളപ്പോഴും ഇതിന് ആധികാരികമായ ജി.പി.എസ് റിപ്പോർട്ട് പരിശോധിക്കാതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

2) ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം 10,11,959 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. 5 ലക്ഷം രൂപക്ക് മുകളിലുള്ള പ്രവർത്തികൾ ഇ ടെണ്ടർ മുഖേനെയാണ് നടപ്പാക്കേണ്ടത്.എന്നാൽ 10,11,959 ചെലവഴിച്ച പദ്ധതി ടെണ്ടർ നടപടിയില്ലാതെ ക്വട്ടേഷൻ വഴി നടപ്പിലാക്കിയതായാണ് ഫയലിലുള്ളത്.
3) ജി.ഒ (പി) നം.3/2013/spd Dtd 21/06/2013 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.2 പ്രകാരം കരാർ തുകയുടെ 1% ഇ.എം.ഡി യായും ഖണ്ഡിക 8.19 പ്രകാരം കരാർ തുകയുടെ 5 % പെർഫോമൻസ് ഗ്യാരണ്ടിയായും തിരഞ്ഞെടുത്ത കരാറുകാരനിൽ നിന്നും ഈടാക്കണം. എന്നാൽ കരാറുകാരനിൽ നിന്നും ഇവ ഈടാക്കിയിട്ടില്ല.

4) വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ , കുടിവെള്ളത്തിന്റെ അളവ് , ആകെ കുടിവെള്ള വിതരണം നടത്തിയതിന്റെ എണ്ണം എന്നിവ യഥാസമയം പരിശോധിക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയതായോ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വിവരങ്ങൾ പരിശോധിച്ചതായോ ഉള്ള യാതൊരു റിപ്പോർട്ടുമില്ലാതെയാണ് കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/02 /02/2023) നൽകിയ മറുപടിയിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ സവിശേഷ സാഹചര്യത്തിലാണ് ഇപ്രകാരം പദ്ധതി നടപ്പിലാക്കിയതെന്നും പെരുമാറ്റച്ചട്ടം നിലവിലിരുന്നതിനാലാണ് ടെണ്ടറിന് പകരം ക്വട്ടേഷൻ വഴി കരാറുകാരനെ തിരഞ്ഞടുത്തതെന്നുമാണ് അറിയിച്ചത്.

ചെല്ലാനം ഗ്രാമപഞ്ചായത്തിൽ വേനൽക്കാലത്തെ കുടിവെള്ള ദൗർലഭ്യം പതിവുള്ള സാഹചര്യത്തിലും കുടിവെള്ള വിതരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളും ദുരന്തനിവാരണവകുപ്പിന്റെ നിർദ്ദേശങ്ങളും വർഷങ്ങളായി നിലവിലുള്ള സാഹചര്യത്തിലും ബഹു.എറണാകുളം ജില്ലാ കളക്ടർ ഡിl2-11274/21 /26/01/2022 ടാങ്കർ ലോറിയിലെ കുടിവെള്ള വിതരണം സംബന്ധിച്ച പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളിലും (ക്രമനം-8) ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തി മാത്രം ചെലവ് നടത്താവൂ എന്ന് നിബന്ധനയുണ്ടായിരുന്നതിനാലും ചെലവിന്റെ സുതാര്യത ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതെ കരാറുകാരൻ ഹാജരാക്കിയ ഗേറ്റ് പാസ് മാത്രം അടിസ്ഥാനമാക്കി ചെലവ് നടത്തിയത് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.
കുടിവെള്ള വിതരണം തുടർച്ചയായി നടക്കുന്ന ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തുന്നതിനും ചെലവിലെ സുതാര്യത ഉറപ്പാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് കംപ്യൂട്ടർ & ഫർണ്ണീച്ചർ -വാങ്ങൽ നടപടികൾ സർക്കാർ മാർഗ്ഗരേഖപ്രകാരമല്ല

പ്രോജക്ട് നം- 113/22
അടങ്കൽ -1,00,000/-

ചെലവ് - 1,00,000/- (BRN- 2111125201070037 5432 Dtd 06/09/21 Rs.46500/- & 211112520107011 40539 Dtd 18/02/22 Rs.53500/-)

ഗ്രാമപഞ്ചായത്തിലെ ചെല്ലാനം സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് കംപ്യൂട്ടർ, ഓഫീസ് ഫർണ്ണീച്ചർ എന്നിവ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി വഴി 2021-22 സാമ്പത്തിക വർഷം 1,00,000 ചെലവഴിച്ചിട്ടുണ്ട്. കംപ്യൂട്ടർ 46,500/- രൂപ ചെലവഴിച്ച് മെ.കംപ്യൂട്ടർ ഗ്യാരേജ് , ഞാറക്കൽ എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണീച്ചറുകൾ 53,500/- രൂപ ചെലവഴിച്ച് മെ.ഉദയ് ഫർണ്ണീച്ചർ , കുമ്പളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. പദ്ധതിയിലെ വാങ്ങലുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

01. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ

ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 ഖണ്ഡിക 2.3 (ബി,സി,ഡി) എന്നിവപ്രകാരം ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടിവരുന്ന ആകെ സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് നടത്തുകയും ബാധകമായ സമാഹരണരീതി പ്രകാരം വാങ്ങൽ നടത്തുന്നതിനും ഓഫീസ് ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാനും നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം 25,000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. പഞ്ചായത്ത് നടപ്പാക്കിയ പല പദ്ധതികളിലും ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ട വാങ്ങലുകളിൽ ലിമിറ്റഡ് ടെണ്ടറും ലിമിറ്റഡ് ടെണ്ടറിന് പകരം ക്വട്ടേഷൻ വഴിയുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ടെണ്ടർ നോട്ടീസ് തയ്യാറാക്കി, പത്രപ്പരസ്യം നൽകി , അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു മൂലം കൂടുതൽ വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങൽ നടത്താനുള്ള അവസരം ലഭ്യമായില്ല.

2. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ സി.പി.ആർ.സി.എസ് പോർട്ടൽ മുഖേനെയായിരിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട് . സർക്കാർ അംഗീകൃത മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉപകരണങ്ങൾ കേന്ദ്രസർക്കാരിന്റ G.E.M വഴിയും സമാഹരിക്കുവാൻ നിർദ്ദേശമുണ്ട് .ഇവിടങ്ങളിൽ ആവശ്യമായ സാധനങ്ങൾ ലഭ്യമായിരുന്നില്ല എന്ന വിവരവും ഉറപ്പാക്കാനുള്ള യാതൊരു രേഖകളും ലഭ്യമാക്കാതെ ടെണ്ടർ നടപടി ക്രമങ്ങളെല്ലാം ഒഴിവാക്കി വാങ്ങൽ നടത്തിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടില്ല. പദ്ധതിയിൽ 46,500/- രൂപ ചെലവഴിച്ച് സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങിയ കംപ്യൂട്ടർ ടെണ്ടർ വഴിയോ സർക്കാർ പോർട്ടലുകളിൽ നിന്നോ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുമായിരുന്നോ എന്ന് പരിശോധിക്കാതെ വാങ്ങിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

3.ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ക്വട്ടേഷനുകൾ/ടെണ്ടറുകൾ അംഗീകരിക്കേണ്ടത് ഈ പദ്ധതികളുടെ വാങ്ങലിനായി ക്ഷണിച്ച ക്വട്ടേഷനുകൾ /ടെണ്ടറുകൾ എന്നിവ കമ്മിറ്റി പരിശോധിച്ചതിന്റെയോ ഏതെങ്കിലും ഉത്പന്നം വാങ്ങാൻ ശുപാർശ നൽകിയതിന്റെയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ ക്വട്ടേഷനുകളുടെ വിവരങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധനക്ക് നൽകാത്തത് എന്തുകൊണ്ട് എന്ന കാര്യവും വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം -6 തിയതി 31-01-2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ വാങ്ങൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 കടൽക്ഷോഭം തടയുന്നതിന് മണൽ ബണ്ട്- പ്രവൃത്തികൾ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമല്ല

പ്രോജക്ട് നം- 82/2022

അടങ്കൽ- 350000/- (വികസനഫണ്ട് -ജനറൽ)

ചെലവ് -350000/- (ബിൽ നമ്പർ- 211112000000007398 Dt18/01/22 Rs.113426 & 211112000000005664 Dtd 19/11/21 Rs.236574)

ഓഡിറ്റ് എൻക്വയറി – നം- 08 Dtd 31/01/2023.

ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ കടൽക്ഷോഭം തടയുന്നതിന് മണൽ ബണ്ട് എന്ന പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞതുക ക്വാട്ട് ചെയ്ത ശ്രീ.ബിൻഷാദ്,പുത്തൂർക്കാട്,കോതമംഗലം എന്നയാൾക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06/05/2021 ലെ 2(1) നമ്പർ തീരുമാനപ്രകാരം കരാർ നൽകിയിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി തയ്യാറാക്കുന്ന ഒരു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുണ്ട പ്രവർത്തികളുടെ വിശദാംശങ്ങളും ചെലവും തീരുമാനിക്കേണ്ടത്. ഇവിടെ അംഗീകൃത എസ്റ്റിമേറ്റില്ലാതെ, ലഭിച്ച ടെണ്ടറുകളിലെ കുറഞ്ഞ തുക പ്രകാരം ചെലവ് നടത്തുകയും ഈ തുകക്ക് ബിൽ മാറി നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

2. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികളിലൂടെ ടെണ്ടർ ക്ഷണിച്ചാണ് പദ്ധതി നടപ്പാക്കേണ്ടത്. പദ്ധതിക്കായി ക്ഷണിക്കുന്ന ടെണ്ടറുകളിലും ക്വട്ടേഷനുകളിലും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തിയുടെ വിശദാംശങ്ങളും ഉപയോഗിക്കേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷനും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ് . നടപ്പാക്കിയ പദ്ധതിയിൽ സ്വീകരിച്ച ടെണ്ടർ നടപടികളുടെ നോട്ടീസോ ലഭിച്ച ടെണ്ടറുകളുടെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്ന നിബന്ധനകളൊന്നും ക്വട്ടേഷൻ നോട്ടീസ് വഴി ഉറപ്പുവരുത്തിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും കടൽക്ഷോഭം തടയുന്നതിന് മണൽ ബണ്ട് തയ്യാറാക്കാനാണ് പദ്ധതി തയ്യാറാക്കുകയും ടെണ്ടർ വഴി കരാറുകാരനെ നിശ്ചയിക്കുകയും ചെയ്തതെങ്കിലും ആവശ്യമായ മണൽ ലഭ്യമായില്ല എന്ന കാരണത്താൽ വാർഡ് 15, 16, 17 എന്നീ മൂന്ന് വാർഡുകളിലാണ് പ്രവർത്തി നടത്തിയിട്ടുള്ളത്. എന്നാൽ 19 വാർഡുകളിലേയും പ്രവൃത്തിക്കായി ക്ഷണിച്ച ടെണ്ടർ പ്രകാരമുള്ള തുക മൂന്ന് വാർഡുകളിലെ പ്രവൃത്തി മാത്രം ചെയ്ത കരാറുകാരന് നൽകിയിട്ടുണ്ട്. ബാക്കി വാർഡുകളിൽ പ്രവൃത്തി നടത്താത്ത സാഹചര്യത്തിൽ ഇത്രയും തുക വിനിയോഗിച്ചതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

4.പഞ്ചായത്തിലെ മരാമത്ത് വിഭാഗം പ്രവർത്തികളുടെ നിർവ്വഹണത്തിനായി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം നിലവിലുള്ളപ്പോൾ അവർ സ്ഥലപരിശോധന നടത്തി പ്രവൃത്തിയുടെ മൂല്യം നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ബിൽ മാറി നൽകേണ്ടത്.എന്നാൽ അംഗീകൃത എസ്റ്റിമേറ്റോ വാല്യുവേഷനോ ഇല്ലാത്തതിനാൽ എന്ത് അടിസ്ഥാനത്തിലാണ് പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ചതെന്ന് വ്യക്തമല്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/31/01/2023) നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ സവിശേഷ സാഹചര്യത്തിലാണ് ഇപ്രകാരം പദ്ധതി

നടപ്പിലാക്കിയതെന്നും അടിയന്തിര സാഹചര്യമായതിനാലാണ് എസ്റ്റിമേറ്റില്ലാതെ പദ്ധതിക്കായി കരാറുകാരനെ തിരഞ്ഞെടുത്തതെന്നമാണ് അറിയിച്ചത്. ചെല്ലാനം ഗ്രാമപഞ്ചായത്തിൽ കടൽക്ഷോഭത്തോടനുബന്ധമായ കെടുതികൾ പതിവുള്ള സാഹചര്യമാണുള്ളത്. കൃത്യവും ദീർഘവീക്ഷണത്തോടെയുമുള്ള മുന്നൊരുക്കങ്ങളും പ്രതിരോധപ്രവർത്തനങ്ങളും വഴി ഒരുപരിധി പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാവുന്നതാണ്. പൊതുപണം ചെലവഴിക്കുന്നതിനുള്ള കൃത്യമായ സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും നിലവിലുള്ള സാഹചര്യത്തിൽ ഇവ പാലിക്കാതെയും ചെലവിന്റെ സുതാര്യത ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതെയും കരാറുകാരൻ ഹാജരാക്കിയ കണക്കുകളിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ പരിശോധനയും പ്രവർത്തികളുടെ മൂല്യനിർണ്ണയവും നടത്താതെയും ചെലവ് നടത്തിയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. കടൽക്ഷോഭം മൂലമുള്ള കെടുതികൾ വർഷങ്ങളായി തുടർച്ചയായി നടക്കുന്ന ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കൃത്യമായ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം എന്നിവവഴി ചെലവുകളിലെ സുതാര്യത ഉറപ്പാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-33 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അനിവാര്യചെലവുകൾക്ക് തുക നൽകൽ -തുക നിഷ്ക്രിയമായി സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനിവാര്യചെലവുകൾക്ക്(പദ്ധതി നം-04/2022) പ്രകാരം 4,31,000/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടുകളിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്.ഒരു വർഷത്തെ ഓഫീസ് വൈദ്യുതി, വാട്ടർ ചാർജ്ജ് , സ്റ്റേഷനറി എന്നിവക്കാണ് തുക നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

01. മെഡിക്കൽ ഓഫീസർ , പി.എച്ച്.സി കണ്ടക്കടവ് Rs. 1,50,000/-
02. മെഡിക്കൽ ഓഫീസർ , പി.എച്ച്.സി ചെല്ലാനം Rs. 1,00,000/-
03. കൃഷി ഓഫീസർ , ചെല്ലാനം Rs. 1,00,000/-
04. വെറ്ററിനറി സർജൻ,ചെല്ലാനം Rs.50,000/-
05. മെഡിക്കൽ ഓഫീസർ , ഹോമിയോ ചെല്ലാനം Rs. 31,000/-

ഈ തുകയുടെ വിനിയോഗവിവരങ്ങളോ ചെലവ് രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ,ചെലവ് രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം -16 തിയതി 01-02-2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പ്രകാരം തുക നൽകിയ കണ്ടക്കടവ് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ നൽകിയ 150000 രൂപയിൽ 56,773 രൂപയും കൃഷി ഓഫീസറുടെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ നൽകിയ 1,00,000 രൂപയിൽ 23,606 രൂപയും ചെലവഴിക്കാതെ നിലവിലും ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2022-23 ലും ഇപ്രകാരം മുൻകൂർ നൽകിയ തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിഷ്ക്രിയമായി അവശേഷിക്കുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളും വകുപ്പുകളും വികസന ഫണ്ടിലെ പണം ലാപ്സാകാതിരിക്കുവാൻ പിൻവലിച്ച് സൂക്ഷിക്കുവാൻ പാടില്ലായെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തുക ഇപ്രകാരം നിഷ്ക്രിയമായി തുടരുന്നത് തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകൾ കൃത്യമായി കണക്കാക്കുന്നതിലും നൽകിയ തുകയുടെ വിനിയോഗം കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കാത്തതും മൂലമാണ് വികസനഫണ്ട് നിഷ്ക്രിയമായി സൂക്ഷിക്കുന്നതിനിടയായത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ള മുൻകൂറുകളിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-34 പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം- സെക്രട്ടറി,ഗ്രാമ പഞ്ചായത്ത്

2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. തുക മുൻകൂർ കൈമാറിയെങ്കിലും തുക സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 11/22 | ഐ.കെ.എം വിഹിതം | ഐ.കെ.എം | 211112000000002284 Dtd -23/07/21 Rs.100000 211112000000004882 Dtd 16/10/21 -Rs.67093/- | Rs.1,67,093/- |
| 03/22 | സാമൂഹ്യസുരക്ഷാ മിഷൻ വിഹിതം | സാമൂഹ്യസുരക്ഷാമിഷൻ | 211112000000005004 Dtd 21/10/21 -Rs.100000/- | Rs.100000 |

| | | | | |
|---|---|---|---|---|
| 188/22 | ഡയാലിസിസ് ചികിത്സാസഹായം-വിഹിതം നൽകൽ | എറണാകുളം ജില്ലാ പഞ്ചായത്ത് | 211112000000007966 Dtd -07/02/22 Rs.100000 | Rs.120,000/- |
| 200/22 | ഏർലി ഇൻറർവെൻഷൻ സെൻ്റേഴ്സ് -വിഹിതം നൽകൽ | എറണാകുളം ജില്ലാ പഞ്ചായത്ത് | 211112000000005724 Dtd -16/11/21 Rs.20000 | Rs.20,000/ |
| 182/22 | കുട്ടികൾക്ക് ജില്ലാ വെബ്പോർട്ടൽ -വിഹിതം നൽകൽ | എറണാകുളം ജില്ലാ പഞ്ചായത്ത് | 211112000000008812 Dtd -09/03/22 Rs.12500 | 12,500 |
| 6/22 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | കെ.എസ്.ഇ.ബി | ഇ ഗ്രാമസ്വരാജ് പോർട്ടൽ | Rs.170962 |
| 09/22 | ഇലക്ട്രിക് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | ഇ ഗ്രാമസ്വരാജ് പോർട്ടൽ | Rs.228469 |
| 131/22 | കുടിവെള്ള കണക്ഷൻ- വിജയകനാൽ സൈഡ് | വാട്ടർ അതോറിറ്റി | 211112000000009055 Dtd-16/03/22 Rs.1000000 | Rs.10,00,000/- |
| 130/22 | കുടിവെള്ള കണക്ഷൻ- കട്ടിക്കാട്ട് ചെറിയകടവ് | വാട്ടർ അതോറിറ്റി | 211112000000009054 Dtd-16/03/22 Rs.1000000 | Rs.10,00,000/- |
| | ആകെ | | | 28,19,024 |

വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിൽ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ടതിന്റെ വിശദാംശങ്ങളും ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം -9 തിയതി 31-01-2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്ത 28,19,024 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയുടെ വിശദ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിലെ അസി.എഞ്ചിനിയറുടെ പേരിൽ ഇ-ടെണ്ടർ അക്കൗണ്ടിനായുള്ള കറന്റ് അക്കൗണ്ടിനു പുറമേ യു.ബി.ഐ, പള്ളുരുത്തി ശാഖയിൽ ഒരു സേവിംഗ്സ് അക്കൗണ്ടും ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 31.03.22 ലെ നീക്കിയിരുപ്പ് തുക 181786/- രൂപയാണ്. പ്രസ്തുത അക്കൗണ്ടിൽ ഏകദേശം ഒരു ലക്ഷത്തോളം രൂപ സ്ഥിരമായി ബാലൻസുള്ളതായി കാണുന്നു. (പലിശ ഉൾപ്പെടെ) പഞ്ചായത്തിൽ നിന്നു നൽകുന്ന തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായാണ് പ്രസ്തുത അക്കൗണ്ട് ഉപയോഗിക്കുന്നത്. എന്നാൽ പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകകളുടെ വിശദ വിവരം ലഭ്യമല്ല.

അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുവാനും,, ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/21-22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടിലെ ബാലൻസ് തുക പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 21-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് മിക്ക ഫയലിലും സൂക്ഷിച്ചിട്ടുള്ളത്.

(2) നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി, പി.എ.സി, സെക്യൂരിറ്റി ഡിപ്പോസിറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21-22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-37 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങളിൽ നിയമം അനുശാസിക്കും പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ലാത്തതായി കാണുന്നു. 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2009-6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനുള്ളിൽ ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേർഡ് പോസ്റ്റ്/ കുറിയർ / ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം കരാർ തുകയുടെ 1% നിരക്കിൽ പിഴ ഈടാക്കി തുടർന്നുള്ള 10 ദിവസം വരെ കരാർ ചമയ്ക്കാവുന്നതാണ്. പിഴയോടു കൂടിയ 10 ദിവസത്തിനു ശേഷവും കരാർ ചമയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ പ്രസ്തുത സമയക്രമങ്ങൾ പാടെ അവഗണിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി |
|---|---|---|---|---|---|
| 1 | അംഗൻവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് ( 241/21) പി.എ.സി - 892722/- | ലോറൻസ് ബാബു | 9.9.2020 | 28.9.2020 | 9.10.2020 |
| 2 | നവദുർഗ്ഗ ക്ഷേത്രത്തിന് പടിഞ്ഞാറു വശം കാന നടപ്പാത നിർമ്മാണം (67/21) പി.എ.സി - 267649/- | സുനി ജോൺ | 9.9.2020 | 28.9.20 | 25.1.21 |

പ്രസ്തുത പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിൽ വളരെയധികം കാലതാമസ്സം വന്നിട്ടുള്ളതായി കാണുന്നു. ടെണ്ടർ സ്വീകരിച്ച് 21(7+14) ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാത്ത പക്ഷം പിഴ ഈടാക്കേണ്ടതാണ്. എന്നാലിവിടെ പിഴയുടെ ബാധ്യത ഒഴിവാക്കുന്നതിനായി കരാർ തീയതിയ്ക്കനുസൃതമായി സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടുള്ളതായി സംശയിക്കത്തക്ക വിധത്തിലാണ് സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/2.02.23) ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ട് നം.241/21 ന്നിന്റെ കാര്യത്തിൽ കമ്മറ്റി തീരുമാനം മൂലമാണ് പ്രസ്തുത അപാകമുണ്ടായിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് നിയമ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-38 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം

സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | റേഷൻകട 62 ന് എതിർവശം പടിഞ്ഞാറോട്ടുള്ള നടപ്പാത, കാന നിർമ്മാണം (231/19) ജോസഫ് സെബാസ്റ്റ്യൻ പി.എ.സി - 202154/- പ്രവൃത്തിമൂല്യം -194301/- ബിൽ നം.- 09668/31.3.22 | 8.3.2019<br>6 മാസം<br>7.9.2019<br>(7.3.20 – 6 മാസം അധികം) | 2.3.2022 | 24258 (3+9%) |
| 2 | നവദുർഗ്ഗ ക്ഷേത്രത്തിന് പടിഞ്ഞാറു വശം കാന നടപ്പാത നിർമ്മാണം (67/21) സുനി ജോൺ പി.എ.സി - 267649/- പ്രവൃതതിമൂല്യം - 299767/- ബിൽ നം. 08374/24.2.22 | 25.1.2021 6 മാസം<br>24.7.2021<br>(24.1.22 – 6 മാസം അധികം) | 17.2.2022 | 2676 |
| | ആകെ | | | 26934 |

ക്രമ നം.(2)- കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. (ബ്ലാങ്ക് സപ്ലിമെന്ററി എഗ്രിമെന്റ് മാത്രം ഫയലിൽ ഉണ്ട്) പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്. അപാകതതൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/21-22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് ലോക്ക്ഡൗൺ, സാധനങ്ങളുടെ ലഭ്യത കുറവ് എന്നിവ മൂലമാണ്കാലതാമസ്സം ഉണ്ടായിട്ടുള്ളതെന്നാണ്. ക്രമ നം.(1) പ്രകാരമുള്ള പ്രവൃത്തിയിൽ അതിർത്തി തർക്കമുണ്ടായതായും മറുപടിയിൽ കാണുന്നു. എന്നാൽ ഫയലിൽ ഇത്തരത്തിലൊരു തർക്കം ഉണ്ടായിട്ടുള്ളതായോ ആയത് എപ്രകാരം പരിഹരിച്ചു എന്ന വിവരമോ ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ഇല്ല.

കോവിഡ് കാലയളവിൽ ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴ കൂടാതെ 6 മാസം വരെ നീട്ടി നൽകിയിട്ടുണ്ട്.( ജി.ഒ നം. 1444/21/തസ്വഭവ. തീ.31.7.21) ആയതിനാൽ ടി പ്രവൃത്തികൾക്ക് പ്രസ്തുത 6 മാസത്തിൽ അധികരിച്ചുള്ള കാലതാമസ്സത്തിന് 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-39 ഗണപതിക്കാട് ക്ഷേത്രം റോഡ് അറ്റകുറ്റപ്പണികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : 182/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | : വികുർ.പി.എ |

| | | |
|---|---|---|
| എം.ബുക്ക് | : | 105/20-21, 106/20-21 |
| എഗ്രീഡ് പിഎസി | : | 1168223/- |
| പ്രവൃത്തി മൂല്യം | : | 1253997/- |
| ബിൽ നം. | : | ടി.ആർ.എൻ - 09147/18.3.22 |

2019 – 20 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭ്യമായ ശ്രീ.വികൂർ.പി.എ എന്നയാളുടെ 1169916/- രൂപയുടെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 29.01.2020 ലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. (ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല) ടിയാന്റെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ കരാർ വച്ചിട്ടില്ല. തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 23.6.2020 ലെ 1(3) നമ്പർ തീരുമാനത്തിൽ ടൈൽ വിരിക്കൽ എന്ന ഇനം മാറ്റി കോൺക്രീറ്റ് ചെയ്യേണ്ടതിനാൽ അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതായി കാണുന്നു. ഇത് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നടപ്പാക്കേണ്ടതിനു പകരം പ്രവൃത്തി നിർവ്വഹണത്തിനായി വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുള്ളതായി കാണുന്നു. (ടെണ്ടർ ഐ.ഡി - 2020 Lsgd 394771-19 തീ.6.2.2021)

2)പൂർത്തീകരിച്ച പ്രവൃത്തിയ്ക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി.

പഞ്ചായത്ത് കമ്മിറ്റിയുടെ 14.08.2021 ലെ 2(1) നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ എം.ബുക്ക് പരിശോധിച്ചത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി 28.06.21 ആണ്. അതായത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തീരുമാനം എടുക്കുന്നതിന് മുമ്പ് തന്നെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. ടി സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിന്റെ ആവശ്യകത ഓഡിറ്റിൽ വ്യക്തമല്ല.

3) പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ ഒന്നിലധികം തവണ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. പദ്ധതി നിർവ്വഹണത്തിന് മുമ്പ് കൃത്യമായ സൈറ്റ് വെരിഫിക്കേഷൻ നടത്താത്തത് മൂലമാണ് ഇത്തരത്തിലുള്ള അപാകതകളുണ്ടാകുന്നത്. ഇത് മൂലം പ്രവൃത്തി പൂർത്തീകരണത്തിൽ വളരെയധികം കാലതാമസ്സവും നേരിടുന്നു.

4) പ്രവൃത്തി നിർവ്വഹണത്തിനായി കരാറുകാരൻ ഐറ്റം റേറ്റിലാണ് കരാർ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക നൽകിയപ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധിക തുക നൽകിയിട്ടുള്ളതായി കാണുന്നു.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/21-22)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, എസ്റ്റിമേറ്റ്, ടെണ്ടർ നിരക്ക്, എം ബുക്ക് എന്നിവ പരിശോധിച്ച് അധിക തുക നൽകിയിട്ടുള്ള പക്ഷം ആയത് തിരികെ ഈടാക്കേണ്ടതാണ്

1-40 മൃഗാശുപത്രിയ്ക്കായി നിർമ്മിച്ച കെട്ടിടം ജീർണ്ണിച്ച് ഉപയോഗക്ഷമമല്ലാതായിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി നിലവിൽ പ്രതിമാസം 2247/- രൂപ വാടക നിരക്കിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൃഗാശുപത്രിയ്ക്കായി കെട്ടിടം പണിത് വർഷങ്ങൾ കഴിഞ്ഞിട്ടും ആശുപത്രിയ്ക്കായി ടി കെട്ടിടം ഉപയോഗിച്ചിട്ടില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയുടെ 7.9.2021 ലെ 29(1) തീരുമാനത്തിൽ പഞ്ചായത്തിലെ മൃഗാശുപത്രി തീരെ സൗകര്യമില്ലാത്ത വാടക കെട്ടിടത്തിലാണ് പ്രവർത്തിപ്പിക്കുന്നതെന്നും മൃഗാശുപത്രിക്ക് വേണ്ടി പണികഴിപ്പിച്ച കെട്ടിടം വെറുതെ കിടന്നാൽ നശിച്ചുപോകുമെന്നതിനാലും സർക്കാർ തല നിർദ്ദേശം ഉള്ള സാഹചര്യത്തിലും നിലവിലെ ഉടമസ്ഥരുമായി ബന്ധപ്പെട്ട് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി മൃഗാശുപത്രിയുടെ പ്രവർത്തനം എത്രയും വേഗം പുതിയ കെട്ടിടത്തിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ കത്ത് കമ്മിറ്റി പരിശോധിച്ചതായും, ടി കെട്ടിടം സ്ഥിതി ചെയ്യുന്ന വായനശാലയുടെ ഉടസ്ഥതയിലാണെന്നും, പഞ്ചായത്തുമായിട്ടുള്ള ധാരണയിലാണ് രണ്ട് നിലയിലായി കെട്ടിടം പണിതിട്ടുള്ളതെന്നും, വായനശാല അധികൃതർ ടി ഭൂമി പഞ്ചായത്തിന്റെ പേരിലേക്ക് രജിസ്റ്റർ ചെയ്ത് നൽകുവാൻ തയ്യാറായിട്ടുള്ളതിനാൽ എത്രയും പെട്ടെന്ന് രജിസ്ട്രേഷൻ നടത്തി പഞ്ചായത്തിന്റെ മൃഗാശുപത്രി ടി കെട്ടിടത്തിലേക്ക് മാറ്റുവാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി വിഷയുവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1. മൃഗാശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട് അസി.എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം 11.4.2013 ൽ മൃഗാശുപത്രി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനായി 95000/-രൂപയും, 2017-18 വാർഷിക പദ്ധതി പ്രകാരം വെറ്റിനറി ഹോസ്പിറ്റൽ മെയിന്റനൻസ് (പ്രൊജക്ട് നം.100/18) എന്ന പദ്ധതിയ്ക്കായി 446413/- രൂപയും ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് നടത്തിയെന്നോ ആയതിന്റെ ചെലവ് രേഖകളോ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി ആകെ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമല്ല

2. വായനശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

3. വായനശാലയുമായുള്ള ധാരണയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് മിനിട്ട്സിൽ കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട കരാർ ഹാജരാക്കിയിട്ടില്ല,

4.സൈറ്റ് വെരിഫിക്കേഷൻ നടത്തിയതിൽ നിലവിൽ കെട്ടിടത്തിന്റെ വാതിലുകളും, ജനാലകളും ജീർണ്ണിച്ച് പോയിട്ടുള്ളതായും, കെട്ടിടം മണ്ണിലേയ്ക്ക് ഇരുന്നുപോയിട്ടുള്ളതിനാൽ ഫൗണ്ടേഷൻ പൂർണ്ണമായും മണ്ണിനടിയിൽ ആകുകയും ഫ്ലോർ ഏരിയ മണ്ണിനോട് ചേർന്നുമാണ് നിലവിൽ കാണപ്പെടുന്നത്. കെട്ടിടത്തിലെ ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, ഫാനുകൾ എന്നിവയും നശിച്ച് പോയിരിക്കുന്നു.

5. മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/21-22)സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മൂഗാശുപത്രിയ്ക്കായി ക്രമ വിരുദ്ധമായി കെട്ടിട നിർമ്മാണം നടത്തിയതും പ്രസ്തുത കെട്ടിടം നിലവിൽ ഉപയോഗ പ്രദമാക്കാൻ സാധിക്കാത്തതിനാലും പഞ്ചായത്തിന് ഭീമമായ നഷ്ടമാണുണ്ടായിട്ടുള്ളത്. ടി വിഷയത്തിലേയ്ക്ക് ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷങ്ങളിലേക്കുള്ള അപേക്ഷകൾ സെക്ഷൻ ക്ലർക്കിന്റെ പരിശോധന റിപ്പോർട്ടിന്റേയും മുൻ വർഷത്തെ ലൈസൻസ് ഫീസും ,ലൈസൻസ് ആവശ്യമായ സ്ഥാപനത്തിന്റെ സംരംഭക പ്രവർത്തനങ്ങളെയും അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓരോ അപേക്ഷയിന്മേലും ഈടാക്കേണ്ടുന്ന ഫീസ് അംഗീകരിച്ച് നല്കിയിരുന്നു. എന്നാൽ സെക്രട്ടറി ഈടാക്കുവാൻ നിർദ്ദേശിച്ചതിന് വിരുദ്ധമായി തുക കുറവായി ഈടാക്കി. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| വാർഡ്, കെട്ടിടനം, | ലൈസൻസ് നം തീയതി | സംരംഭകം | അംഗീകരിച്ച ഫീസ് | ഈടാക്കിയ ഫീസ് | നഷ്ടം |
|---|---|---|---|---|---|
| III-193 | 17/21-22,19.03.21 | പലചരക്ക് കട | 500 | 200 | 300 |
| XI-90 | 18/21-22,20.03.21 | ഫ്ലോർമിൽ | 500 | 300 | 200 |
| XXI-337(A) | 19/21-22,22.03.21 | പാൽകച്ചവടം | 500 | 200 | 300 |
| X-150 | 20/21-22,22.03.21 | - | 500 | 200 | 300 |
| VIII-196 | 21/21-22,22.03.21 | ഫ്ലോർമിൽ | 500 | 200 | 300 |
| XV-36 | 24/21-22,22.03.21 | ചായക്കച്ചവടം | 500 | 200 | 300 |
| XV-46 | 25/21-22,22.03.21 | പലചരക്ക് കട | 500 | 200 | 300 |
| IV-64 | 26/21-22,22.03.21 | ചെരിപ്പുകട | 500 | 200 | 300 |
| VII-24 | 27/21-22,22.03.21 | പലചരക്ക് കട | 500 | 200 | 300 |
| XIII-42 | 30/21-22,23.03.21 | ഹാർവെയർ | 500 | 300 | 200 |
| IV-268 | 33/21-22,23.03.21 | ഫ്ലോർമിൽ | 500 | 300 | 200 |
| VI-105 | 34/21-22,23.03.21 | പലചരക്ക് കട | 500 | 200 | 300 |
| ആകെ | | | | | 3300 |

മേൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം 500 രൂപ ഏറ്റവും കുറഞ്ഞ ഫീസായി സെക്രട്ടറി അംഗീകരിച്ച് നല്കിയിട്ടുള്ളതാണ്. എന്നിട്ടും മുൻ വർഷങ്ങളിൽ ഈടാക്കിയ തുക തന്നെയാണ് തൻ വർഷവും ഈടാക്കിയിട്ടുള്ളത്. നഷ്ടം സംഭവിച്ചിട്ടുള്ള തുക പ്രസ്തുത ലൈസൻസ് എടുത്തിട്ടുള്ള വ്യക്തികളിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 02.02.2023 ൽ നല്കിയ 26ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലൈസൻസ് ഫീസിനത്തിൽ നഷ്ടം സംഭവിച്ച 3300രൂപ ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. കൂടാതെ ഈയിനത്തിൽ കൂടുതൽ തുക നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതും ലൈസൻസ് അപേക്ഷകൾ പരിശോധിച്ച് കണ്ടെത്തി ബന്ധപ്പെട്ട സ്ഥാപനയുടമകളിൽ നിന്ന് ഈടാക്കേണ്ടതാണ് .

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പെണ്ണാട് വിതരണം അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0039/2021-22, പെണ്ണാട് വിതരണം (ജനറൽ) |
| അടങ്കൽ ഫണ്ട് | 133000/-വികസന ഫണ്ട് (പൊതുവിഭാഗം)<br>133000/- ഗുണഭോക്തൃവിഹിതം ആകെ അടങ്കൽ 266000 |
| ബിൽ നം, തീയതി, ചെലവ് | 1/21-22, 18.01.22, 63000<br>10/21-22, 07.03.2022, 70000<br>63000,ചെക്ക് നം5936439.തീയതി 04.02.2022<br>70000,ചെക്ക് നം157761.തീയതി 25.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ ,ചെല്ലാനം |

ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 വീതം പെണ്ണാട് വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും.

മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ 20.03.2020 ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ ഇ.കെ.എം. പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ക്രമ നം 3 പ്രകാരം ആട് (മലബാറി 6 മാസം 12 KG ) ഒരു ആടിന് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത് 5000 രൂപയാണ്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം പൊതുവിഭാഗത്തിന് പരമാവധി 50% സബ്സിഡിയോടെ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് 50% സബ്സിഡി നിരക്കിൽ ഒരാടിന് 2500/- രൂപ മാത്രമേ അനുവദിക്കാവുവെന്നിരിക്കേ നിർവ്വഹണോദ്യോഗസ്ഥൻ ഒരാടിന് 3500/- രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 19 ഗുണഭോക്താക്കൾക്ക് രണ്ട് ആടുകൾക്ക് സബ്സിഡി ഇനത്തിൽ (2500*38=95000) രൂപ നൽകേണ്ടതിനു പകരം (3500*38=133000) രൂപ നൽകിയതിനാൽ 38000 രൂപ അധികം നൽകുവാനിടയായി. (133000-95000 =38000) അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 02.02.2023 ൽ നല്കിയ 21ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത പദ്ധതി നടത്തുക വഴി വികസന ഫണ്ടിൽ നിന്ന് നഷ്ടം സംഭവിച്ച 38000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ, വിതരണം നടത്തിയ വ്യക്തിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

### 3-2 അധിക തുക നല്കി താറാവിൻ കുഞ്ഞുങ്ങളെ വാങ്ങി.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0017/21-22 വനിതകൾക്ക് താറാവ് കുഞ്ഞുങ്ങൾവിതരണം |
| അടങ്കൽ, ഫണ്ട് | 217000, 108550,വികസന ഫണ്ട്, (പൊതുവിഭാഗം)<br>108550 ഗുണഭോക്തൃവിഹിതം |
| ബിൽ നം, തീയതി ,ചെലവ് | 09/21-22 ,108550, 07.03.2022<br>108550, 25.03.2022 ചെക്ക് നം 1507762 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചെല്ലാനം |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി ഗ്രാമ പഞ്ചായത്തിലെ 167 ഗുണഭോക്താക്കൾക്ക് 10 താറാവിൻ കുഞ്ഞുങ്ങൾക്ക് ഒന്നിന് 65 രൂപ ഗുണഭോക്തൃവിഹിതവും 65 രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതവും ഈടാക്കി നല്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

എന്നാൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പ് ഇറക്കിയ 29.05.2020 ലെ സർക്കാർ ഉത്തരവ് നം (സാധാ) 1009/2020 പ്രകാരമുള്ള 3.5.5 ഖണ്ഡികയിൽ "കാട, താറാവ് മുതലായ വളർത്തു പക്ഷികളെ നല്കുന്നതിനും,കോഴിക്കുഞ്ഞുങ്ങളെ അതിന്റെ ഗുണിതങ്ങൾ അല്ലാതെ നല്കുന്നതിനും" തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് നം (കൈ) 22/2018 മാർഗ്ഗരേഖയിലെ 6.2.7ഖണ്ഡിക അവലംബിക്കാവുന്നതുമാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ആയത് പ്രാകരം 51-60 ദിവസം പ്രായമായ താറാവിൻ കുഞ്ഞുങ്ങൾക്ക് 120രൂപയാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന വില. എന്നാൽ .ശ്രീ.തോമസ്.കെ.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള തോമസ് നേഴ്സറി,തുപ്പെരുന്തുറ, ചെന്നിത്തല എന്ന സ്ഥാപനത്തിൽ നിന്ന് 51-60 ദിവസം പ്രായമായ 1670 താറാവിൻ കുഞ്ഞുങ്ങളെ 130രൂപ നിരക്കിൽ വാങ്ങിയതിന് 217000 രൂപ നല്കിയിട്ടുണ്ട്. 120 രൂപ നിരക്കിൽ വാങ്ങേണ്ടിയിരുന്ന താറാവിൻ കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ വാങ്ങിയതിനാൽ വികസനഫണ്ടിൽ നിന്നും അധികമായി 8350 രൂപ (120/2=60; 130/2=65; 65-60=5; 5*1670=8350)ചെലവ് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 02.02.2023ൽ നല്കിയ 20ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത പദ്ധതി നടത്തുക വഴി വികസന ഫണ്ടിൽ നിന്ന് നഷ്ടം സംഭവിച്ച 8350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ, വിതരണം നടത്തിയ വ്യക്തിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. അധികം നല്കിയ തുക ഈടാക്കി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് അർഹമായ തുക നല്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| | | 200000 | കോവിഡ് പ്രവർത്തനങ്ങൾ | 200000 | 0 |
| | | 200000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | | 1847606 | ലൈഫ് (ഫിഷറീസ്) | 1847606 | 0 |
| | | 252000 | ലൈഫ് (എസ്.സി.പി) | 252000 | 0 |
| ആകെ | | 2599606 | | 2599606 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 500000 | 0 |
| | | 13450000 | ലൈഫ് (ഫിഷറീസ്) | 13450000 | 0 |
| | | 819218 | കണ്ടക്കടവ് ലേൻ കൺസ്ട്രക്ഷൻ | 819218 | |
| | | 592268 | ഗ്യാസ് ഗോഡൗൺ റോഡ് | 592268 | |
| | | 1243997 | ഗണപതികാട് ടെംബിൾ റോഡ് | 1243997 | |

| | | | | | |
|---|---|---|---|---|---|
| | | 452105 | ബസാർ വെസ്റ്റ് റോഡ് | 452105 | |
| ആകെ | | 17057588 | | 17057588 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കട്ടികാട്- ചെറിയകടവ് റോഡിലൂടെ കടിവെള്ള പദ്ധതി | 22101413 15.03.2022 | 1000000 | 0 | 1000000 |
| കേരള വാട്ടർ അതോറിറ്റി | വിജയകനാൽ സൈഡ് റോഡ് കടിവെള്ള പദ്ധതി | 22101421 15.03.2022 | 1000000 | 0 | 1000000 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 22101003 17.01.2022 | 62844 | 0 | 62844 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 22101172 04.03.2022 | 18825 | 0 | 18825 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 22101329 19.03.2022 | 33473 | 0 | 33473 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 22101404 31.03.2022 | 55820 | | 55820 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 22101405 31.03.2022 | 140223 | | 140223 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 22101406 31.03.2022 | 88246 | | 88246 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി ഗുണഭോക്തൃസമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവനനിർമ്മാണം | - | 5300000 | 4068000 | 792000 | | 3276000 |

വാർഷിക ധനകാര്യപത്രികയിൽ (ബി-5 ഷെഡ്യൂൾ,ബാലൻസ് ഷീറ്റ്) വായ്പാബാധ്യത 33,81,600 രൂപയായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ സ്രോതസ്സിൽ നിന്നും തവണകളായി കുറവ് ചെയ്ത തുക തെറ്റായി ജേണൽ എൻട്രി നടത്തിയതിനാലാണ് ഈ തെറ്റ് സംഭവിച്ചിട്ടുള്ളത്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7175625 |
| തൻവർഷം നിക്ഷേപിച്ച തുക | 524274 |
| ആകെ | 7699899 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7699899 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| UBI,കണ്ണമാലി | 7699899 |
| DCB,എറണാകുളം | - |
| ആകെ | 7699899 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണസംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കിയത് സംബന്ധിച്ച് | നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചതിനാൽ പരാമർശം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കമ്പ്യൂട്ടർ സെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കി വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 162068534.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 149337848.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 3300 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46350 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5773138 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3300 | | ശ്രീ.ജോസ് ക്വിന്റൺ,സെക്രട്ടറി.ഇൻ ചാർജ് |
| 3-1 | | 38000 | ശ്രീമതി.ശ്രീലക്ഷ്മി വെറ്ററിനറി സർജൻ |
| 3-2 | | 8350 | ശ്രീമതി.ശ്രീലക്ഷ്മി വെറ്ററിനറി സർജൻ |
| ആകെ | 3300 | 46350 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-18 | 130470 | ശ്രീമതി.രശ്മിമോൾ.പി.എസ് അസിസ്റ്റന്റ് സെക്രട്ടറി | കഴുവൻകാട്ടിൽ വളമംഗലം സൗത്ത് പി.ഒ ,ഉറവൂർ |
| 1-23 | 5,60328 | ശ്രീ.ഷാജി,എ,വി, സെക്രട്ടറി | അരേശ്ശേരിൽ വീട് വട്ടേക്കുന്നം,ഇടപ്പിള്ളി നോർത്ത്.പി.ഒ എറണാകുളം |
| 1-26 | 400000 | ഡോ.സാംസൺ.എസ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | വല്ലൂർകുഴി വീട്.എസ്.എൻറോഡ്. നിയർ സെന്റ് ജൂലിയൻ സ്കൂൾ പെരുമ്പടപ്പ്.പി.ഒ,പള്ളുരുത്തി |
| 1-28 | 976209 | ഡോ.ലിസിയമേരി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,ചെല്ലാനം) | കുന്നകശ്ശേരിയിൽ വീട്,ഇടപ്പിള്ളി.പി.ഒ, എറണാകുളം |
| 1-28 | 736101 | ഡോ.ഷൈന.എസ്.തെരുവുരത്ത് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി,കണ്ടക്കടവ്) | 1/1906 തെരുവുരത്ത് കുന്നപുറം.പി.ഒ ഫോർട്ടുകൊച്ചി |
| 1-29 | 51006 | ഡോ.ഷൈന.എസ്.തെരുവുരത്ത് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി,കണ്ടക്കടവ്) | 1/1906 തെരുവുരത്ത് കുന്നപുറം.പി.ഒ ഫോർട്ടുകൊച്ചി |
| 1-31 | 100000 | ഡോ.ലിസിയമേരി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,ചെല്ലാനം) | കുന്നകശ്ശേരിയിൽ വീട്,ഇടപ്പിള്ളി.പി.ഒ, എറണാകുളം |
| 1-34 | 2531931 | ശ്രീമതി.ജയശ്രീ നായ്ക്. സെക്രട്ടറി, | വാസുദേവ സദനം, സി.എം.സി-5,നെടുമ്പ്രക്കാട്, ചേർത്തല |
| 1-34 | 287093 | ശ്രീ.ഷാജി,എ,വി, സെക്രട്ടറി | അരേശ്ശേരിൽ വീട് വട്ടേക്കുന്നം,ഇടപ്പിള്ളി നോർത്ത്.പി.ഒ |

| | | | |
|---|---|---|---|
| | | | എറണാകുളം |
| ആകെ | 5773138 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (ജി.എസ്.ടി) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| | ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി.ശ്രീലക്ഷ്മി വെറ്ററിനറി സർജൻ | ചെല്ലാനം ഗ്രാമപഞ്ചായത്ത് | പരിയങ്കാട്ട് വീട്, അരൂർ.പി.ഒ 688594 |
| 2 | ശ്രീ.ജോസ് ക്വിന്റൺ, സെക്രട്ടറി.ഇൻ ചാർജ് | ജെ.എസ്.പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് 1 | പനയ്ക്കൽ വീട് തിരുമലഭാഗം, ചേർത്തല |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം |
|---|---|---|---|
| 1999-2000 (വരവ്) | എൽ.എഫ്.ഇ. (പി.1)921/02 /7.7.2005 | 1 | 2-3 |
| 2001-02പദ്ധതി വിഹിതം | എൽ.എഫ്.ഇ. (പി.1)1162/03 /4.2.2004 | 1 | 9 |
| 2006-07 | എൽ.എഫ്.ഇ. (പി.1)201/10, തീ. 14.6.11 | 2 | 3(5), 3(6) |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 | 5 | 2-1(2), 2-2, 3-1, 3-2, 3-3 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 | 3 | 2-4, 3-1, 3-4 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15 / 06.04.2015 | 6 | 2-1, 3(2), 3-6, 3-7, 3-8 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം (പി.3) 960/2016/ 22.06.2016 | 4 | 3-3, 3-4, 3-5, 3-7 |
| 2015-16 | നം.കെ.എസ്.എ-ഇ.കെ.എം (പി.3)1975/2016,07.12.2016 | 6 | 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.3)1761/2017, 21.11.2017/12.12.2017 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4,3-5, 3-6, 3-8, 3-9, 3-10 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി.3)2193/2018, 3.12.2018/10.12.2018 | 14 | 2-2, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.3) 1578/2019/3.01.2020 | 17 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14,3-15, 3-16, 3-17, 3-21 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (പി.3) 518/2021/31.03.2021 /29.04.2021 | 10 | 1-15,1-16,1-17,1-18,1-21, 1-23,1-24,1-26,1-28,3-1 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (പി.3) 928/2022 /06.08.2022/ 2022 | 30 | 1-2-1, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17 മുതൽ 1-24, 1-27, 1-29, 1-31, 1-34, 1-37, 3-1, 3-2, 4-3, 4-8, 4-11 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്